Vol.XXVII,No.5 May 2011

# യേശു ജീവിക്കുന്നു

# Yesu Jeevikkunnu

A Publication of Grace Ministries of India

## മദ്ധ്യപ്രദേശിൽ ജി.എം.ഐ മിഷൻ ആസ്ഥാനത്തിനായി സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടു

– സ്വന്തം ലേഖകൻ

സുവിശേഷീകരണ പ്രവർത്തനങ്ങൾക്ക് ഏറെ പ്രതീകൂലങ്ങളുള്ള മദ്ധ്യപ്രദേശ്; ക്രൈസ്തവശുശ്രൂഷകർ അനവധി പേർ തടവറയിലാക്കപ്പെടുന്ന മദ്ധ്യപ്രദേശ്; മത പരിവർത്തന നിരോധന ബിൽ നിലവിലിരിക്കുന്ന മദ്ധ്യപ്രദേശ്. ഈ സംസ്ഥാനത്തിൽ, ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ സനാതന സുവിശേഷം പ്രസിദ്ധപ്പെടുത്തുവാനുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് ആസ്ഥാനം പണിയപ്പെടുവാനായി 6 ഏക്കർ ഭൂമി ലഭിച്ചിരിക്കുന്നു. ദൈവത്തിന്റെ മഹാകൃപയാൽ, നിരവധി ദൈവഭക്തരുടെ ത്യാഗപൂർണ്ണമായ കൈത്താങ്ങൽ മുഖാന്തരം അതിന്റെ രജിസ്ട്രേഷൻ മാർച്ച് 31-ന് നിർവ്വഹിക്കപ്പെട്ടു.



ചപ്പാറയിൽ എത്തി ചേർന്ന ജി.എം.ഐ പ്രസിഡന്റ് സഹോ. ഡി.ജെ. അജിത്കുമാറിനെ സ്വീകരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ്. സമീപം ചപ്പാറയിലെ മുൻ പഞ്ചായത്ത് പ്രസിഡന്റും ജി.എം.ഐയുടെ മദ്ധ്യപ്രദേശ് മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്ററുമായ സഹോ. വിനയദാസ്.



***പ്രേഷിത ദൗത്യത്തിനായി:*** *മദ്ധ്യപ്രദേശിലെ ചപ്പാരയിൽ ജി.എം.ഐയുടെ മിഷൻ പ്രവർത്തനത്തിനായി ലഭിച്ച 6 ഏക്കർ സ്ഥലവും അതിന് മദ്ധ്യത്തിലുള്ള ചെറിയ കെട്ടിടവും.*

മദ്ധ്യപ്രദേശിലെ ശിവനി ജില്ലയിൽ ചപ്പാറ കേന്ദ്രമാക്കി 15 വർഷങ്ങൾക്കു മുൻപ് ജി.എം.ഐ ആരംഭിച്ച പ്രേഷിത ദൗത്യം വളരെ ദൂരം മുന്നേറുവാൻ ദൈവകൃപയാൽ സാധിച്ചു. മുതിർന്ന മിഷണറിയായ സഹോ. വിനയദാസിന്റെ നേതൃത്വത്തിൽ 14 മിഷണറിമാർ ചിട്ടയായ പ്രവർത്തനം നടത്തി വരുന്നു. അനേകർ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് കൂട്ടായ്മകളിൽ സംബന്ധിക്കുന്നു. യാതൊരു ഇരുളിനും അപഹരിക്കുവാൻ കഴിയാത്ത ദിവ്യ വെളിച്ചത്തിന്റെ ശോഭ പരത്തിക്കൊണ്ട് ജി.എം.ഐയിലൂടെ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ ദൈവത്തിന്റെ അത്ഭുത കൃപയാൽ മാനിക്കപ്പെട്ടിരിക്കുന്നു. പ്രതിബന്ധങ്ങളുടെ നടുവിലെല്ലാം നമ്മുടെ മിഷ



***ശൂന്യവും പാഴുമായ സ്ഥലത്ത് കൊയ്ത്തിന്റെ ഉല്ലാസഘോഷം ഉയരട്ടെ:*** *ചപ്പാരയിൽ ക്രമീകരിച്ച യോഗത്തിൽ സന്ദേശം നൽകുന്ന സഹോ. ഡി.ജെ. അജിത്കുമാർ.*

(തുടർച്ച 12-ാം പേജിൽ....)

## കടക്കാരോട് ക്ഷമിച്ചു ദൈവ കരുണ ഏറ്റുവാങ്ങുവാനുള്ള പ്രാർത്ഥന പഠിപ്പിച്ചുകൊണ്ട് ജി.എം.ഐയുടെ രണ്ടാം ബാംഗ്ലൂർ കൺവെൻഷൻ

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ" എന്ന വ്യവസ്ഥയോടെ പിതാവിനോട് പ്രാർത്ഥിക്കുവാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച കർത്താവായ യേശുക്രിസ്തുവിന്റെ പ്രാർത്ഥനയുടെ ആഴങ്ങളിലേക്ക് വിശ്വാസികളെ നയിച്ചു കൊണ്ട് 2011 മാർച്ച് 18 മുതൽ 20 വരെ ബാംഗ്ലൂർ, കല്യാൺ നഗർ ബാബുസപാളയ സെന്റ്. തോമസ് സെന്ററിൽ വച്ചു നടന്ന രണ്ടാം ബാംഗ്ലൂർ മിഷൻ കൺവെൻഷൻ സമാപിച്ചു.



***സ്തുതി സ്തോത്രങ്ങളോടെ :*** *ബാംഗ്ലൂർ മിഷൻ കൺവൻഷനിൽ കർത്താവിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്ന ഗായക സംഘം*

ബാംഗ്ലൂർ പെനിയേൽ A.G ചർച്ചിലെ ഹഗിയോസ് ഗായക സംഘം മൂന്നു ദിവസവും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ശനിയാഴ്ച വൈകുന്നേരം യുവജനങ്ങൾക്കായി പ്രത്യേക യോഗം ക്രമീകരിച്ചിരുന്നു. ഇതിൽ പങ്കെടുത്ത എല്ലാ യുവജനങ്ങളും ദൈവരാജ്യ വിസ്തൃതിക്കായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തു.

ശ്രീ. എബ്രഹാം വർഗീസിന്റെ നേതൃത്വത്തിൽ, സർവ്വശ്രീ. കുര്യൻ ജോർജ്ജ്, ഷിനു സി. ജോൺ, ടോണി സക്കറിയ, ഷിജി എന്നിവരടങ്ങിയ ടീം ബാംഗ്ലൂർ മിഷൻ കൺവൻഷൻ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# സർവ്വ ശക്തനായ ദൈവത്തിന്റെ അദൃശ്യകരങ്ങളാൽ വഴിനടത്തപ്പെടുന്ന നേപ്പാളിലെ എളിയ ജനത

*- മിഷൻ ന്യൂസ് ബ്യൂറോ*

**നേ**പ്പാളിലെ നവൽപരാസി, ഇല്ലം എന്നീ ജില്ലകളിലായി 14 മിഷണറിമാർ ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെ കീഴിൽ കർത്താവിന്റെ വേല ചെയ്യുന്നു. ഇവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ ധാരാളം പേർ കർത്താവായ യേശു ക്രിസ്തുവിന്റെ ദിവ്യമായ സ്നേഹത്തിങ്കലേക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നു. രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്ന വരെ സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുതകരങ്ങൾ വഴിനടത്തുന്നു.

### കർത്താവായ യേശുവിനെ ജലത്തിൽ സാക്ഷീകരിച്ചു

സഹോ. രാജേന്ദ്ര ബിശ്വകർമ്മ നവൽപരാസി ജില്ലയിലെ ബുമായി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറിയാണ്. തന്റെ ശുശ്രൂഷയിലൂടെ ജർഗാ ഗ്രാമത്തിലെ മീനാ ഥാപ്പ, ഗുഡലാ ഗ്രാമത്തിലെ ചൗധരിയാനുറായി എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. സുൻവാല ഗ്രാമത്തിലെ സൂര്യശർമ്മ, ദുർകോട ഗ്രാമത്തിലെ തുൾസാ ഥാപ്പ, മായാറാണ, സാന്താബീർ ഥാപ്പ, ശാന്തി റാണ എന്നീ വ്യക്തികൾ ജലസ്നാനമേറ്റ് ക്രിസ്തുവോട് ചേരുവാനും കർത്താവ് സഹായിച്ചു. സഹോ. രാജേന്ദ്ര ബിശ്വകർമ്മയുടെ പ്രവർത്തനത്തിലൂടെ വിശ്വാസത്തിലേക്ക് കടന്നു വന്നവരുടെ ആത്മീക വർദ്ധനവിനായും തന്റെ ശുശ്രൂഷകൾ ഇനിയും അനുഗ്രഹിക്കപ്പെടേണ്ടതിനായും നമുക്ക് പ്രാർത്ഥിക്കാം.

### മിഷണറിയുടെ പത്നിയ്ക്ക് അത്ഭുതരോഗസൗഖ്യം

നേപ്പാളിലെ ഇല്ലം ജില്ലയിലെ സമൽബോംഗ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോദരൻ സ്റ്റീഫൻ സുബ്ബയുടെ പത്നി എസ്തേർ സുബ്ബയെ വൃക്കസംബന്ധമായ രോഗത്താൽ ബാധിതയായ അവസ്ഥയിൽ 22 ദിവസം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയായിരുന്നു. കൂട്ടായ്മയിലെ വിശ്വാസികളെല്ലാവരും ചേർന്ന് ഉപവസിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവം പ്രിയസഹോദരിയെ വിടുവിച്ചു. വളരെ അനുഗ്രഹപ്രദമായി നടക്കുന്ന സഹോ. സ്റ്റീഫൻ സുബ്ബയുടെ ശുശ്രൂഷയിലൂടെ ചിപിതായിലെ അസ്മാവി സുബ്ബ, സുമിത്രാ സുബ്ബ; അബിതാറിലെ യാഹോബോറാ, ലോർഗാ; സമൽബോംഗ് ഗ്രാമത്തിലെ സരസ്വതി, ജോഹൻ, രാംബിർ സുബ്ബ, നബിൻസുബ്ബ, സുകു സുബ്ബ, ബിനിലാ സുബ്ബ, മാർത്താ സുബ്ബ, ലൈലാ സുബ്ബ എന്ന വ്യക്തികൾ രക്ഷിക്കപ്പെടുവാനും ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേരുവാനും ഇടയായി. സഹോ. സ്റ്റീഫൻ സുബ്ബയുടെ കുടുംബത്തെയും ശുശ്രൂഷകളെയും കൃപാകരങ്ങളിൽ ഭരമേൽപ്പിച്ചു പ്രാർത്ഥിച്ചീടാം.

### രക്ഷയുടെ പ്രത്യാശയിലേക്ക്

നവൽപരാസി ജില്ലയിലെ തിലക്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ദാൽ ബഹാദൂർ ഗുരുംഗ് ജീവിതം തന്നെ കർത്താവിനായി ഉഴിഞ്ഞു വച്ച വ്യക്തിയാണ്. ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഗ്രെയ്സ് ചിൽഡ്രൻസ് ഹോമിന്റെ ഇൻചാർജ്ജ് സഹോ. ദാൽ ബഹാദൂർ ഗുരുംഗാണ്. 10 കുഞ്ഞുങ്ങളാണ് ഇപ്പോൾ 'ഗ്രെയ്സ് ചിൽഡ്രൻസ് ഹോമിൽ അന്തേവാസികളായുള്ളത്. സൽബാസ്, ബർദ്ദാഗഡ്, ജിംരിബാർ എന്നീ ഗ്രാമങ്ങളിൽ കടന്നുപോയി ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുകയും പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുകയും ചെയ്യുന്ന തന്റെ ശുശ്രൂഷയിലൂടെ ബർദ്ദാഗട്ടിലെ ആഷാ ചൗധരി, ബിചാണി താരു; സൽബാസ് ഗ്രാമത്തിലെ മൻബുജാ ബിശ്വകർമ്മ, സലിമയാ ബിശ്വകർമ്മ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വന്നു. സഹോദരൻ ദാൽ ബഹാദൂർ ഗുരുംഗിന്റെ ശുശ്രൂഷകളെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ചു പ്രാർത്ഥിച്ചീടാം..

ഇല്ലം ജില്ലയിലെ നാംസലിംഗ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോദരൻ ഡേവിഡ് ബറെയ്ലി ഭവന സന്ദർശനം, ലഘുലേഖാവിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് ദൈവരാജ്യ വിസ്തൃതിയ്ക്കായി അദ്ധ്വാനിച്ചതിന്റെ ഫലമായി സിംലാ ഗ്രാമത്തിലെ പദംറായി, പവൻറായി; നാസംലിംഗ് ഗ്രാമത്തിലെ എച്ച്.ബി.ബന്ദു എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും ഭവനങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാനും ഉത്സുകനായ തന്റെ ശുശ്രൂഷകൾ ഇനിയും അനേകർക്ക് പ്രയോജനപ്രദമായിത്തീരേണ്ടതിനായി പ്രാർത്ഥിച്ചീടാം.

### ദൈവരാജ്യത്തിനു അവകാശികളാകുവാൻ

നവൽപരാസി ജില്ലയിലെ പിത്തൗളി കേന്ദ്രമാക്കി പ്രവാർത്തിക്കുന്ന സഹോ. ബുദ്ധിറാം ലോഗോയി, കുട്ടൗളി എന്നീ ഗ്രാമങ്ങളിലും സുവിശേഷവുമായി കടന്നുപോകുന്നു. തന്റെ പ്രവർത്തനത്തിലൂടെ കുഷ് നഗരിയിലെ റീനാ വെറ്റ്, ലോഗോയിയിലെ മാൻ ബഹദൂർ, ഗണേഷ്ഥാപ്പ; കുട്ടൗളി ഗ്രാമത്തിലെ നവരാജ്റായി എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വന്നു. കൂടാതെ കുഷ് നഗരിയിലെ ജത് ബഹാദൂർ എന്ന വ്യക്തി ജലസ്നാനമേൽക്കുവാനും ഇടയായി. സഹോ.ബുദ്ധിറാമിന്റെ ശുശ്രൂഷകൾ ഇനിയും അനേകരെ തീയിൽ നിന്നും വലിച്ചെടുക്കുന്നതിന് ഉതകുമാറാകേണ്ടതിനായി പ്രാർത്ഥിച്ചീടാം.

### അപസ്മാര രോഗത്തിൽ നിന്നും പ്രാർത്ഥനയാൽ വിടുതൽ

നേപ്പാളിലെ നവൽപരാസി ജില്ലയിലെ ഗൊഡ്വാ ചുരാ ഗ്രാമത്തിലെ ജാൻകി ദേവി എന്ന വ്യക്തിയ്ക്ക് പ്രാർത്ഥനയിലൂടെ അപസ്മാര രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ചു. ഈ സഹോദരി നമ്മുടെ മിഷണറി സഹോ. രാജേന്ദ്രകുമാർ ഹരിജനിൽ നിന്നും യേശുവിലൂടെ ലഭിക്കുന്ന രോഗ സൗഖ്യത്തെക്കുറിച്ച് കേൾക്കുകയും തുടർന്ന് നമ്മുടെ കൂട്ടായ്മയിൽ കടന്നു വന്ന് പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുത സൗഖ്യം പ്രാപിച്ച ആ സഹോദരി ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ കടന്നുവന്ന് സംബന്ധിക്കുന്നു. ദൈവം ചെയ്ത അത്ഭുതപ്രവർത്തിയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

### രോഗസൗഖ്യം രക്ഷാനിർണ്ണയത്തിനു ഹേതുവായി

നവൽപരാസി ജില്ലയിലെ ഗോകുൽ നഗർ എന്ന ഗ്രാമത്തിലെ താമസിക്കുന്ന ഭീംഹരിജൻ എന്ന സഹോദരൻ കഴിഞ്ഞ ഒരു വർഷത്തോളമായി കാലുകൾക്ക് കഠിനമായ വേദനയാൽ ഭാരപ്പെടുകയായിരുന്നു. നമ്മുടെ മിഷണറി സഹോ. കർണ ബഹദൂർ ഗുരുംഗ് ആ സഹോദരന്റെ സൗഖ്യത്തിനായി ദൈവത്തോടപേക്ഷിക്കുകയും കർത്താവ് അത്ഭുത സൗഖ്യം കൊടുക്കുകയും ചെയ്തു. ഇത് തന്റെ രക്ഷാനിർണ്ണയത്തിനും ഹേതുവായി തീർന്നു.

ബൽറ്റാഡി ഗ്രാമത്തിലെ ചുലായി ഹരിജൻ എന്ന വ്യക്തിയും തനിക്ക് പ്രാർത്ഥിയിലൂടെ ലഭിച്ച അത്ഭുത രോഗസൗഖ്യം മുഖാന്തരം രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വന്നു. സഹോ. കർണ ബഹദൂർ ഗുരുംഗിന്റെ ശുശ്രൂഷയിലൂടെ ബെൽറ്റാഡി ഗ്രാമത്തിലെ ലാലുകുമാർ ഗപ്ന, സീനാ ചൗധരി, കലു ഹരിജൻ; ഗോകുൽ നഗിലെ നരേജ് ഹരിജൻ എന്നീ വ്യക്തികൾ വിശ്വാസമാർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു.

നേപ്പാളിലെ ജി.എം.ഐ മിഷൻ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത് റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. ജി. ആൽബർട്ടാണ്. രണ്ടുമാസത്തിലൊരിക്കൽ മിഷണറിമാരെ സന്ദർശിക്കുവാനും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. ആത്മാർത്ഥതയോടെ ദൈവരാജ്യവിസ്തൃതിയ്ക്കായി അദ്ധ്വാനിക്കുന്ന നേപ്പാളിലെ ജി.എം.ഐ മിഷണറിമാരുടെ പ്രവർത്തനങ്ങൾ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കേണ്ടതിനായും വിശ്വാസത്തിലേക്ക് കടന്നുവന്നവരുടെ ആത്മീക വർദ്ധനവിനായും നമുക്ക് പ്രാർത്ഥിക്കാം.

## സർവ്വ പ്രശ്നങ്ങൾക്കും പരിഹാരകനായ യേശുക്രിസ്തു

മദ്ധ്യപ്രദേശിലെ ശിവനി ജില്ലയിലെ ബാരിപുതരാ ഗ്രാമത്തിലെ സോമനി എന്ന സഹോദരിയെ വളരെ ശാരീരിക ക്ലേശത്താൽ ഭാരപ്പെട്ട് നടക്കുവാൻ പോലും കഴിയാത്ത അവസ്ഥയിൽ ജി.എം.ഐ മിഷണറി സഹോദരൻ രാംകൃഷ്ണ ഗോംഗെയുടെ നേതൃത്വത്തിൽ പിപ്പരിയ ഗ്രാമത്തിൽ വച്ചു നടക്കുന്ന കൂട്ടായ്മയിലേക്ക് കൊണ്ടുവന്നു. വിശ്വാസികളെല്ലാവരും ഏക മനസ്സോടെ ആ സഹോദരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ഒരു മണിക്കൂറിനു ശേഷം പൂർണ്ണസൗഖ്യത്തോടെ സ്വഭവനത്തിലേക്ക് കടന്നുപോവുകയും ചെയ്തു. വർദാനാ ഗ്രാമത്തിലെ ഗോപാൽ എന്ന സഹോദരനും പത്നി ശ്യാംകലിയും പുത്രൻ അഭിഷേകും വളരെയധികം പ്രശ്നങ്ങളാൽ ഭാരപ്പെടുന്ന അവസരത്തിൽ സഹോദരൻ രാംകൃഷ്ണ ഗോംഗെ ആ ഭവനത്തിൽ കടന്നു പോയി പ്രാർത്ഥിച്ചു. കർത്താവായ യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ച ആ കുടുംബം എല്ലാ പ്രശ്നങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാനിടയായിത്തീർന്നു. ധുധർല ഗ്രാമത്തിലെ പാർവ്വതി എന്ന സഹോദരിയുടെ കുടുംബം പലവിധ വിഷമതകൾ അനുഭവിച്ചു വരികയായിരുന്നു. അവരുടെ ഭവനത്തിലെ വളർത്തു മൃഗങ്ങളെല്ലാം രോഗബാധിതരായി ചത്തുപോകുന്ന അവസ്ഥയായിരുന്നു. ബന്ദരിയ ഗ്രാമത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ കടന്നു വന്ന് തങ്ങളുടെ വിഷമതകൾ ദൈവസന്നിധിയിൽ പറഞ്ഞ ആ കുടുംബത്തിനുവേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കുകയും കർത്താവ് അവരുടെ പ്രശ്നങ്ങളെല്ലാം ദൂരീകരിക്കുകയും ചെയ്തു. പാർവ്വതി, വൈജയന്തി, മാൻവതി എന്നവർ ഇപ്പോൾ സ്ഥിരമായി നമ്മുടെ കൂട്ടായ്മകളിൽ പങ്കെടുത്ത് ദൈവത്തെ ആരാധിക്കുന്നു. സഹോദരൻ രാംകൃഷ്ണ ഗോംഗെയുടെ ശുശ്രൂഷയിലൂടെ സർവ്വശക്തനായ ദൈവം ഇനിയും വൻകാര്യങ്ങൾ ചെയ്യേണ്ടതിനായി നമുക്ക് പ്രർത്ഥിക്കാം



# കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട്

*ഡി.ജെ. അജിത്കുമാർ*

യേശുവിന്റെ യരുശലേം യാത്രക്കുവേണ്ടി ഒരു കഴുതയെ കൊണ്ട്വരാൻ ശിഷ്യന്മാരെ മറ്റൊരു ഗ്രാമത്തിലേക്കു കർത്താവ് പറഞ്ഞയക്കുകയാണ്. കഴുതയെ അഴിക്കുമ്പോൾ ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ 'കർത്താവിന് ഇതിനെ ആവശ്യമുണ്ട്' (മർക്കോ.11 : 3) എന്നു പറയുവാനായി നിർദ്ദേശവും നൽകുന്നു. ലോക സൃഷ്ടിതാവ് ഒരു കഴുതയെ ആവശ്യപ്പെടുകയാണ്. യരുശലേമിലെ യേശുവിന്റെ ഈ മഹത്വയാത്രയെക്കുറിച്ച് എല്ലാ സുവിശേഷകരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ.21: 1 –17, മർ.11: 1–18, ലൂ.19: 29–46, യോ.12: 12–15, 2: 13 –22).

എബ്രായ ജനതയുടെ ഇടയിൽ പുരാതനമായി തന്നെ ഉപയോഗിച്ചിരുന്ന രണ്ട് മൃഗങ്ങളാണ് കാളയും, കഴുതയും. കൃഷിയിടങ്ങളിൽ ഉഴുവാനായി കാളയെയും ചുമടു ചുമക്കാനായി കഴുതയെയും ഉപയോഗിച്ചിരുന്നു. അബ്രഹാം(ഉല്പ. 22 : 3), യോസഫിന്റെ സഹോദരന്മാർ (ഉല്പ. 42:27), മോശെ (പുറ.4 : 20), ബിലയാം (സംഖ്യ.22 : 21–34) എന്നിവരുടെ വാഹനമൃഗം കഴുതയായിരുന്നു.

മോശെയുടെ ന്യായപ്രമാണത്തിലും കഴുതയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാൻ കഴിയും (പുറ.13:13, 34 : 20, സംഖ്യ. 3 : 46, 18 :15–17, പുറ. 20 : 17, 23 : 12, 21 : 33, 23 : 4,5). കാളയും കഴുതയും പോലും ദൈവത്തെ അറിയുന്നു എന്ന് യെശയ്യാവ് പറയുന്നു (യെശ.1 :3). ഇങ്ങനെ സാധാരണയായി അക്കാലങ്ങളിൽ ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു മൃഗത്തെ കർത്താവും തന്റെ യാത്രക്കായി ഉപയോഗിക്കുന്നു എന്നു വേണം കരുതാൻ. വേറൊരു വിധത്തിൽ പറഞ്ഞാൽ കർത്താവിനെ ചുമക്കാൻ ഈ കഴുതക്ക് ഭാഗ്യം ലഭിച്ചു. എന്നാൽ ഇതു യാദൃച്ഛമായി സംഭവിക്കുന്നതല്ല. സെഖര്യാ പ്രവാചകന്റെ പ്രവചന നിവൃത്തി കൂടെയായിരുന്നു (സെഖ. 9:9) ഇത്.

സാധു സുന്ദർസിംഗ് ഒരിക്കൽ ഇംഗ്ലണ്ടിൽ പോയപ്പോൾ അദ്ദേഹത്തിന് ചുവന്നപരവതാനി വിരിച്ചാണ് സ്വീകരണം നൽകിയത്. അദ്ദേഹം തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞുവത്രേ. ''നിങ്ങൾ സുന്ദർ സിംഗിനെയല്ല സ്വീകരിച്ചത്. സുന്ദർസിംഗ് ചുമക്കുന്ന യേശുവിനെയാണ് സ്വീകരിച്ചത്. അന്ന് കർത്താവിനെ ചുമന്നുകൊണ്ട് ഒരു കഴുത യരുശലേമിലേക്കു പോയപ്പോൾ മനുഷ്യർ അത്യന്ത സന്തോഷത്താൽ മരക്കൊമ്പ് വഴിയിൽ വിതറിയും, വസ്ത്രം വഴിയിൽ വിരിച്ചതും കഴുതയെ സ്വീകരിക്കാനല്ലായിരുന്നു. പ്രത്യുത, കർത്താവിനെ സ്വീകരിക്കാനായിരുന്നു''. കർത്താവിനെ ചുമക്കുന്ന ഒരു കഴുതയായി തീരാൻ സാധിച്ചതിലുള്ള കൃതാർത്ഥത അദ്ദേഹം പങ്കുവക്കുകയായിരുന്നു. കർത്താവിനോടുള്ള അദ്ദേഹത്തിന്റെ ഭക്തിയുടെ അടയാളമായിട്ട് ഇതിനെ കാണാം.

കർത്താവിനെ യരുശലേമിലേക്ക് കൊണ്ടുപോയ ഈ കഴുതയെകുറിച്ച് മറ്റൊരു കഥ കൂടെ ഉണ്ട്. ചില ദിവസങ്ങൾ കഴിഞ്ഞിട്ട് ഈ കഴുത ചിന്തിക്കാൻ തുടങ്ങിയത്രേ. ജനങ്ങൾ എന്നെ ഇത്രയും ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്നു. അടുത്തയാഴ്ച ഒരു ദിവസം ഇതേ ആലയത്തിൽ ഈ കഴുത കയറിപ്പോയി. യഹൂദന്മാർക്കു അശുദ്ധമൃഗമായ കഴുതയെക്കണ്ട് അവർക്കു ദേഷ്യം പിടിച്ചു. അതിനെ അടിച്ച് വിരട്ടിയോടിച്ചു. പാവം കഴുത. അതിനൊന്നും മനസ്സിലായില്ലായിരിക്കാം. ഇക്കാര്യം അതിന്റെ കൂട്ടുകാരനോട് പറഞ്ഞപ്പോൾ അതു പറഞ്ഞു കൊടുത്തു. "എടോ തന്റെ ചുമലിൽ യേശു ഉണ്ടായിയിരുന്നതുകൊണ്ടാണ് ആൾക്കാർ ബഹുമാനിച്ചതും, ഓശാന്നാ പാടിയതും. ആൾക്കാർ സ്തുതിച്ചത് നിന്നെയല്ല, നിന്റെ പുറത്ത് ഇരുന്ന യേശുവിനെയാണ്''. ഉപ്പിന് കാരമില്ലാതെ പോയാൽ പുറത്ത് കളഞ്ഞ് ചവിട്ടാനേ പറ്റൂ.

### യിസ്സാഖാർ എന്ന കഴുത

“യിസ്സാഖാർ അസ്ഥിബലമുള്ള കഴുത; അവൻ തൊഴുത്തുകളുടെ മദ്ധ്യേ കിടക്കുന്നു. വിശ്രാമം നല്ലതെന്നും ദേശം ഇമ്പമുള്ളതെന്നും കണ്ടു, അവൻ ചുമടിന്നു ചുമൽ കൊടുത്തു ഊഴിയത്തിന്നു ദാസനായിത്തീർന്നു” (ഉല്പ. 49: 14,15). ഗോത്രപിതാവായ യാക്കോബ് തന്റെ പന്ത്രണ്ട് മക്കളേയും വിളിച്ച് ഭാവികാലത്തെക്കുറിച്ച് അറിയിക്കുകയാണ്. ഒമ്പതാമനായ യിസ്സാഖറിന്റെ ഊഴമെത്തി. യാക്കോബിന്റെ പ്രവചനം ഇപ്രകാരമായിരുന്നു. യിസ്സാഖാറിനെ അസ്ഥിബലമുള്ള ഒരു കഴുതയായി ചിത്രീകരിക്കുന്നു. വിശ്രമദേശം നല്ലതെന്നു കണ്ടിട്ട് ചുമടിനു ചുമൽ കൊടുക്കാമെന്നും, ഊഴിയത്തിനു ദാസനായിതീരുമെന്നുമാണ് പ്രവചനം (49: 14,15). പി.ഒ.സി. ബൈബിൾ പരിഭാഷ ഇപ്രകാരമാണ്:

“യിസ്സാഖാർ ഒരു കരുത്തുറ്റ കഴുതയാണ്. അവൻ ചുമടുകൾക്കിടയിൽ കിടക്കുന്നു. വിശ്രമസ്ഥലം നല്ലതെന്നും ദേശം മനോഹരമെന്നും അവൻ കണ്ടു. അതുകൊണ്ട് അവൻ ചുമടുകയറ്റാൻ ചുമൽ കുനിച്ചു കൊടുത്തു : കൂലിവേലചെയ്യുന്ന ഒരു ദാസനായിത്തീർന്നു”.

**ഇങ്ങനെയുള്ളവർ ദൈവസഭയുടെ ശാക്തീകരണത്തിനും, ദൈവരാജ്യത്തിന്റെ വിസ്തൃതിക്കും അത്യന്താപേക്ഷിതമാണ്. ചുമടുകയറ്റാൻ ചുമൽ വച്ചുകൊടുക്കുന്നവർ. അന്യോന്യം ഭാരങ്ങളെ വഹിക്കുന്നവർ. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നവർ. ഭാരം വഹിക്കാതെ ദൈവീക ദൗത്യം ചെയ്യുവാൻ കഴിയുകയില്ല. കർത്താവും, അപ്പോസ്തലന്മാരും, പുതിയനിയമ പ്രവർത്തകരും, സഭാപിതാക്കന്മാരും ചുമടുകയറ്റാൻ ചുമൽ വച്ചുകൊടുത്തവരാണ്. ഊഴിയവേലക്കു (സുവിശേഷീകരണം) ദാസരായിത്തീർന്നവരാണ്. തമിഴിൽ സുവിശേഷവേലക്കു 'ഊഴിയം' എന്നാണ് പറയുന്നത്.**

ഇങ്ങനെയുള്ളവർ ദൈവസഭയുടെ ശാക്തീകരണത്തിനും, ദൈവരാജ്യത്തിന്റെ വിസ്തൃതിക്കും അത്യന്താപേക്ഷിതമാണ്. ചുമടുകയറ്റാൻ ചുമൽ വച്ചുകൊടുക്കുന്നവർ. അന്യോന്യം ഭാരങ്ങളെ വഹിക്കുന്നവർ. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നവർ. ഭാരം വഹിക്കാതെ ദൈവീക ദൗത്യം ചെയ്യുവാൻ കഴിയുകയില്ല. കർത്താവും, അപ്പോസ്തലന്മാരും, പുതിയനിയമ പ്രവർത്തകരും, സഭാപിതാക്കന്മാരും ചുമടുകയറ്റാൻ ചുമൽ വച്ചുകൊടുത്തവരാണ്. ഊഴിയവേലക്കു (സുവിശേഷീകരണം) ദാസരായിത്തീർന്നവരാണ്. തമിഴിൽ സുവിശേഷവേലക്കു 'ഊഴിയം' എന്നാണ് പറയുന്നത്.

കർതൃസേവ ഊഴിയമാണ്. മൾട്ടിനാഷണൽ കമ്പനിയുടെ സി.ഇ.ഓയെപ്പോലെ നടിക്കുകയും, പരസ്യകമ്പനികളുടെ മോഡലുകളെപ്പോലെ ടെലിവിഷനുകളിൽ കാണിക്കുകയും ചെയ്യുന്നതല്ല ഊഴിയം. ഭാരം വഹിക്കണം. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കണം. അതിൽ വിമർശനങ്ങൾ ഉണ്ട്. കുറ്റാരോപണങ്ങൾ ഉണ്ട്. നഷ്ടങ്ങൾ ഉണ്ട്. ആപച്ഛങ്ക (Risk) ഉണ്ട്. ഭാരം വഹിക്കാനാണ് കർത്താവ് വിളിക്കുന്നത്. ഈ ലോകത്തിന്റെ നുകത്തിൽ നിന്നും വിമോചനം തന്ന് കർത്താവിന്റെ നുകത്തിൻ കീഴിലേക്കുള്ള വിളി. അതിലും ഒരു നുകം ഉണ്ട് (മത്താ. 11: 29,30). യിസ്സാഖാർ എന്ന കരുത്തുറ്റ കഴുത തന്റെ പ്രതിഫലത്തെക്കുറിച്ചും, വിശ്രമ സ്ഥലത്തെ കുറിച്ചും ബോധവാനാണ്. ഒരു പ്രതിഫലം ഉണ്ട് നിശ്ചയം!

യിസ്സാഖാർ ഗോത്രം അനുഗ്രഹിക്കപ്പെട്ടു. യാക്കോബിന്റെ ഒൻപതാമത്തെ പുത്രനും ലേയയുടെ അഞ്ചാമത്തെ പുത്രനുമാണ് യിസ്സാഖാർ. (ഉല്പ. 30:17, 18; 35:23). ഒൻപതാമത്തെ മകനെങ്കിലും ആൾബലത്തിൽ മൂന്നാം സ്ഥാനമുണ്ടായിരുന്നു (സംഖ്യ. 28: 23, 24; 1: 29). കനാൻ ദേശം വിഭജിച്ചപ്പോൾ യോർദ്ദാന് പടിഞ്ഞാറുള്ള ഫലഭൂയിഷ്ഠമായ പ്രദേശം ഇവർക്കു ലഭിച്ചു (യോശുവ 19: 17–23). കാലക്രമേണ ഇവർ കാലങ്ങളെയും, സമയങ്ങളേയും വിവേചിക്കുന്നവരായി തീർന്നു (1 ദിന. 12: 32). ദാവീദിന്റെ സൈന്യത്തിൽ ഇവർ വളരെ പ്രധാനപ്പെട്ടവരായി തീർന്നു. ദബോറ എന്ന പ്രവാചിക ഈ ഗോത്രത്തിലുള്ളവൾ ആയിരുന്നു (ന്യായ. 7:19–23). ക്രമേണ ഈ ഗോത്രത്തിൽ അനേക രാജക്കന്മാരുംപ്രഭുക്കന്മാരുമുണ്ടായി (1 ദിന. 27: 18; 1 രാജാ. 4: 11, 1 ദിന. 7: 2, 5).

കഴുതയെക്കുറിച്ചു പ്രധാനമായി അഞ്ചു കാര്യങ്ങൾ പറയാറുണ്ട്: താഴ്മ, കഠിനാദ്ധ്വാനം, അനുസരണയുള്ള ദാസ്യവേല, ഭാരം വഹിക്കൽ, സമർപ്പണം ഇവയാണീയഞ്ചു കാര്യങ്ങൾ.

താഴ്മ ആത്മാവിന്റെ ഫലമാണ്. നുകം ചുമക്കാൻ കർത്താവ് വിളിക്കുമ്പോഴും കർത്താവ് പറയുന്നതതാണ്. ''ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ എന്റെ നുകം എടുക്കുവിൻ''. കഴുതക്കു അവകാശപ്പെടാൻ ഒന്നുമില്ല. ഒരു മണ്ടൻ മൃഗം എന്നാണ് എല്ലാവരും അതിനെക്കാണുന്നത്. താഴ്മയുടെ ഉത്തമ ഉദാഹരണം! കഴുതകൾ കഠിനാധ്വാനികൾ ആണ്. യജമാനന്

*(ശേഷം അടുത്ത പേജിൽ)*

# അതുല്യമായ ദൈവസ്നേഹത്തിന്റെ പ്രകാശനം തമിഴ്നാട്ടിലെ ഗ്രാമങ്ങളിൽ

*- മിഷൻ ന്യൂസ് ബ്യൂറോ*

തമിഴ്നാട്ടിലെ 14 ജി.എം.ഐ മിഷണറിമാരും വളരെ ശുഷ്ക്കാന്തിയോടെ കർത്താവിന്റെ വേല ചെയ്യുന്നു. സഹോ. കെ. ശമുവേലാണ് അവിടത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല നിർവ്വഹിക്കുന്നത്. എല്ലാ മാസവും സേലം ജില്ലയിലെ അട്ടയാം പട്ടിയിൽ വച്ച് മിഷണറിമാരുടെ യോഗം നടത്തിവരുന്നു.

### പിന്മാറ്റാവസ്ഥയിൽ നിന്നും വിടുതൽ

സേലം ജില്ലയിലെ നാഗല്ലൂർ, മേൽപുണ്ടി എന്നീ ഗ്രാമങ്ങളാണ് സഹോ. കെ. ശമുവേലിന്റെ പ്രവർത്തനമേഖലകൾ. ഭവനസന്ദർശനം, ലഘുലേഖകളുടെയും സുവിശേഷ പ്രതികളുടെയും വിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ദൈവരാജ്യവിസ്തൃതിക്കായി അദ്ധ്വാനിക്കുന്ന പ്രിയ സഹോദരന്റെ പ്രവർത്തനത്തിലൂടെ നാഗല്ലൂറിലെ സെൽവൻ, പളനി എന്നീ വ്യക്തികൾ രക്ഷിക്കപ്പെട്ടു. മേൽപൂണ്ടിയിലെ രാമായി അമ്മാൾ, സഹോജ അമ്മാൾ എന്നീ വ്യക്തികൾ ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേരുവാനും കർത്താവ് സഹായിച്ചു. മേൽപുണ്ടിയിലെ കൂട്ടായ്മയിൽ സംബന്ധിച്ച് വന്നിരുന്ന രൂത്ത് എന്ന സഹോദരി പിന്മാറ്റാവസ്ഥയിലായിരുന്നു. സഹോ. കെ. ശാമുവേൽ ആ സഹോദരിക്കും കുടുംബത്തിനുമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സർവ്വശക്തനായ ദൈവം അത്ഭുതം പ്രവർത്തിച്ചു. ഇപ്പോൾ ആ സഹോദരിയും കുടുംബവും സ്ഥിരമായി കൂട്ടായ്മയിൽ കടന്നുവരുന്നു. പ്രിയ സഹോദരന്റെ ശുശ്രൂഷയിലൂടെ ദൈവം ചെയ്യുന്ന അത്ഭുത പ്രവൃത്തികൾക്കായി ദൈവത്തിന് നന്ദി അർപ്പിക്കുന്നതോടൊപ്പം തുടർന്നും തന്റെ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

### രക്ഷാദായകന്റെ സന്നിധിയിലേക്ക്

സഹോ. സി. ബാബുശാന്തപ്പയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി മുന്നോട്ട് പോകുന്നു. തന്റെ ശുശ്രൂഷയിലൂടെ കെ.ആർ തൊപ്പൂർ ഗ്രാമത്തിലെ ശാന്തി; മല്ലികുട്ടായി ഗ്രാമത്തിലെ ഗുണശേഖരൻ, പത്നി അമൃത എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. സേലം ജില്ലയിലെ കെ. ആർ. തൊപ്പൂർ, ഇരുപ്പളി, മല്ലികുട്ടായി, കെ.കെ. നഗർ, ചെട്ടിമാംകുറിച്ചി എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോ. സി.ബാബശാന്തപ്പയുടെ പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ചു പ്രാർത്ഥിച്ചീടാം.

### വിടുതലിന്റെ അത്ഭുത സാക്ഷ്യങ്ങൾ

സേലം ജില്ലയിലെ പാണ്ഡ്യൻ വളവ് ഗ്രാമത്തിലെ കാവേരി എന്ന സഹോദരി കാലിൽ വേദനയാൽ വളരെ ഭാരപ്പെട്ടു. ആഭിചാര പ്രയോഗങ്ങളാൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരുന്ന സഹോദരി നമ്മുടെ മിഷണറി സഹോ.പി.ഇമ്മാനുവേൽ നടത്തുന്ന കൂട്ടായ്മയിൽ കടന്നുവന്ന് സംബന്ധിക്കുകയും വളരെ വലിയ വിടുതൽ സ്വായത്തമാക്കുകയും ചെയ്തു. സെവിഡാനൂർ ഗ്രാമത്തിലെ പളനി സ്വാമി എന്ന സഹോദരന്റെ മാനസികാസ്വാസ്ഥ്യം നിമിത്തം തന്റെ കുടുംബ ജീവിതത്തിൽ വളരെയേറെ പ്രശ്നങ്ങൾ അനുഭവിച്ചുവരികയായിരുന്നു. കൃപയാൽ രക്ഷ നൽകുന്ന കർത്താവായ യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സന്ദേശം സഹോ. പി. ഇമ്മാനുവേലിലൂടെ ശ്രവിച്ച ആ കുടുംബം ദൈവസന്നിധിയിൽ തങ്ങളെ പൂർണ്ണമായി സമർപ്പിക്കുകയും യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയുകയും ചെയ്തതിലൂടെ സമാധാനം കൈവരിച്ചു. ആ പ്രിയ സഹോദരൻ ദൈവകൃപയാൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരികയും ചെയ്തു. പാറക്കള്ളൂർ ഗ്രാമത്തിലെ കാത്തൈ അമ്മാൾ, എല്ലായിയൂർ ഗ്രാമത്തിലെ എല്ലായി അമ്മാൾ എന്നീ സഹോദരിമാർ സഹോ. പി. ഇമ്മാനുവേലിന്റെ ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെടുകയും ജലസ്നാനം സ്വീകരിക്കുകയും ചെയ്തു.

### പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവം

നാമക്കൽ ജില്ലയിലെ സംഗാഗിരി ഗ്രാമത്തിലെ ദിനേഷ് എന്ന സഹോദരന് ഫീസ് അടയ്ക്കുവാൻ പണമില്ലാതെ ഭാരപ്പെടുന്ന അവസ്ഥയിൽ നമ്മുടെ മിഷണറി സഹോ. ജോസഫ് രാജ് ആ വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുതം പ്രവർത്തിക്കുകയും ചെയ്തു. ഏരിമേട് എന്ന സ്ഥലത്തു താമസിക്കുന്ന സഹോ. കാന്തസ്വാമിയ്ക്ക് പ്രാർത്ഥനയിലൂടെ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും വിടുതൽ ലഭിച്ചു. പൈശാചികബന്ധനത്താൽ ഭാരപ്പെട്ടിരുന്ന തംഗാരെ, പ്രഭ എന്നീ വ്യക്തികൾക്കു വേണ്ടി സഹോ. ജോസഫ് രാജ് പ്രാർത്ഥിക്കുകയും കർത്താവ് പൂർണ്ണ സൗഖ്യം നൽകി അനുഗ്രഹിക്കുകയും ചെയ്തു.

തമിഴ്നാട്ടിലെ ഗ്രാമങ്ങളുടെ സമ്പൂർണ്ണ സുവിശേഷീകരണത്തിനായി പ്രയത്നിക്കുന്ന നമ്മുടെ മിഷണറിമാരെ സർവ്വശക്തനായ ദൈവം മേൽക്കുമേൽ കൃപ നൽകി വഴി നടത്തേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. കൂടാതെ അവരുടെ പ്രവർത്തനങ്ങളിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നവരുടെ നിലനിൽപിനായും പ്രാർത്ഥിക്കാം.

---

*3-ാം പേജിന്റെ തുടർച്ച...*

വേണ്ടി രാപ്പകൽ അധ്വാനിക്കാനാണ് കർത്താവ് നമ്മോടു അരുളി ചെയ്യുന്നത് (ലൂക്കോ. 17: 7-10). അനുസരണയുള്ള ഊഴിയവേല അഥവാ ദാസ്യവേല ചെയ്യുന്ന മൃഗമാണ് കഴുത. ഓരോരുത്തരും കർത്താവിനായി വിളിക്കപ്പെട്ടിരിക്കുന്നതും അതിനാണ്. കർത്താവിൽ കാണുന്നതും ഈ സ്വഭാവമാണ് (Serventhood of Christ - ഫിലി. 2: 5-8). അനുസരണയുള്ള ദാസൻ.

മുൻ സൂചിപ്പിച്ചതുപോലെ ഭാരം വഹിക്കൽ മാത്രമാണ് കഴുതയുടെ ജോലി. ഒരു പ്രശംസകളും ലഭിക്കാതെ മരിക്കുന്നതുവരെ ഭാരം വഹിക്കുക. കഴുതയുടെ എടുത്തുപറയപ്പെടുന്ന ഒരു സ്വഭാവം കൂടെയുണ്ട്. അതിന്റെ ചുമലിലെ ഭാരം അതിന് വഹിക്കാൻ കഴിയാതെ വന്നാലുടൻ അതു താഴെ വീണു കിടക്കും. കഴുതയെ വളർത്തുന്ന യജമാനൻ വീണു കിടക്കുന്ന കഴുതയെ തല്ലാറില്ലത്രേ. വീണു കിടക്കുന്നതിന്റെ അർത്ഥം അതിന്റെ മടിയല്ല. അതിനെക്കൊണ്ട് വഹിക്കാൻ കഴിയില്ലെന്ന് പറയുന്നതാണ്. അല്പം ഭാരം കുറച്ചു കഴിയുമ്പോൾ അത് വീണ്ടും യാത്ര തുടരും. ആനയെപ്പോലെയോ, കുതിരയെപ്പോലെയോ കഴുത യജമാനനെ ആക്രമിക്കാറില്ല. ഭാരം വഹിക്കാൻ കഴിയാതെയാകുമ്പോൾ കർത്താവിന്റെ (യജമാനന്റെ) കരങ്ങളിൽ തന്നെ സമർപ്പണം ചെയ്യുക. എനിക്ക് കഴിയില്ല കർത്താവേ എന്നു പറയാം. അവിടുന്ന് മനുഷ്യരുടെ കഴിവുകൾ ഉള്ളതുപോലെ അറിയുന്നവനാണ്. കഴിയുന്നതിലധികം ഭാരം അവിടുന്ന് തരികയില്ല (1കൊരി. 10 : 13). ഭാരം വർദ്ധിച്ച് വീണുപോകുമ്പോൾ തന്റെ അമിതബലം നൽകി പിന്നേയും നടത്തും.

കഴുതപ്പുറത്ത് യരുശലേമിൽ എത്തിയ കർത്താവ് ദേവാലയം ശുദ്ധീകരിച്ചു. കുരുടന്മാരേയും മുടന്തന്മാരേയും സൗഖ്യമാക്കി (മത്ത. 21 :14). അവരേയും ദേവാലയത്തിൽ പ്രവേശിപ്പിച്ചു. അവർക്കുള്ളതാണ് ദേവാലയം. അവർക്കു പ്രാർത്ഥിക്കാൻ. എല്ലാ ജാതികൾക്കും പ്രവേശിക്കാൻ. പിന്നെ കർത്താവ് അവരെ ഉപദേശിച്ചു (മർ.11 : 17). നഗരത്തെക്കുറിച്ചു കരഞ്ഞു (ലൂക്കോ. 19 :42). കർത്താവിന്റെ ഈ പ്രവർത്തികളിലെല്ലാം തന്റെ ശുശ്രൂഷയുടെ പ്രത്യേകതകൾ കാണാൻ കഴിയും. ഇന്നും അവിടുന്ന് വ്യക്തികളെ ശുദ്ധീകരിക്കുകയും, സൗഖ്യമാക്കുകയും, എളിയവർക്കായി കൃപയുടെ വാതിൽ തുറന്നിടുകയും ചെയ്യുന്നു. ഈ മഹത്വ ശുശ്രൂഷ ചെയ്യുവാനായി - കർത്താവിനെ ചുമന്നുകൊണ്ട് പോകാനായി കഴുതകളെയാണ് ആവശ്യം.

ഭാരതത്തിന്റെ ഇരുളടഞ്ഞ ഗ്രാമങ്ങളിലും, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ലോകമെമ്പാടും ജീവിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ അടുക്കലേക്കു കർത്താവിനെ ചുമന്നുകൊണ്ട് പോകുന്ന കഴുതകളായിത്തീരാൻ ഇവിടെ ഒരു ആഹ്വാനമുണ്ട്. ഈ ദൗത്യത്തിനായി ഭാരം ചുമക്കാൻ, ഊഴിയ വേലക്കാരനും വേലക്കാരിയുമാകാൻ. ചുമട് ഭാരമുള്ളതെന്നു കണ്ട് അതിനായി ചുമൽ കൊടുക്കാൻ.

കർത്താവിന്റെ വരവിന്റെ സമയം ആസന്നമായി. ഇന്നലെത്തേക്കാൾ ഇന്ന് അത് ഏറ്റവും അടുത്തിരിക്കുന്നു. അലസരായിരിക്കാൻ സമയമില്ല. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടണം (മത്താ. 24:14). മതത്തിന്റെ തിന്മകളും വാണിജ്യവൽക്കരണവും അവസാനിക്കണം. മതങ്ങളിൽ ഒരു ശുദ്ധികരണം അത്യാവശ്യം. കർത്താവേ അങ്ങു വരേണമേ. വാണിജ്യങ്ങളും, വാണിഭങ്ങളും മാറ്റി പ്രാർത്ഥനാലയമാക്കേണമേ. പാർശ്വവൽക്കരിപ്പെട്ട്, ഉള്ളിൽ കയറാൻ സ്വാതന്ത്രമില്ലാതിരിക്കുന്ന എളിയവർ അവർക്കും അവകാശപ്പെട്ട ദൈവ കൃപയുടെ സന്തോഷത്തിന്റെ ആലയത്തിൽ പ്രവേശിക്കട്ടെ. അന്ന് അവരും സൗഖ്യമാകുമല്ലോ. അതിനായി ഞങ്ങളെ ഉപയോഗിക്കണമേ.

ആമേൻ



# ബൈബിൾ പഠനക്വിസ് – 79

ഡോ. റ്റി.സി. കിഷോർ മോഹൻ

മധുരമായ ഗാനങ്ങളിലൂടെ ദൈവത്തെ സ്തുതിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും വേണ്ടി രചിച്ചിട്ടുള്ളതാണ് സങ്കീർത്തനങ്ങൾ. ബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങളിൽ ഏറ്റവും വലുത് എന്ന് വിശേഷിപ്പിക്കാവുന്നതും സംഗീത പ്രേമികളായ അനേകം പ്രഗത്ഭ വ്യക്തികളാൽ രചിക്കപ്പെട്ടിട്ടുള്ളതുമാണ് സങ്കീർത്തനങ്ങളുടെ പുസ്തകം. കുടുംബ ആരാധനകളിലും മറ്റു വിശേഷ ആരാധനകളിലും സങ്കീർത്തനങ്ങൾ വളരെ വ്യാപകമായി ഉപയോഗിച്ചുവരുന്നു. മനുഷ്യ ജീവിതത്തിന്റെ വ്യക്തിപരവും സാമൂഹ്യപരവുമായ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഈ സ്തുതി ഗീതങ്ങൾ നീണ്ട ഒരു കാലഘട്ടത്തിലേക്കാണ് വെളിച്ചം വീശുന്നത്. പ്രപഞ്ച സൃഷ്ടി മുതൽ യിസ്രായേൽ ജനതയുടെ പ്രവാസാനന്തര കാലഘട്ടം വരെ വ്യാപിച്ചു കിടക്കുന്നു പ്രസ്തുത ഗ്രന്ഥത്തിന്റെ രചനാപശ്ചാത്തലം. ഗോത്രപിതാക്കന്മാരുടെ കാലം മുതൽ പ്രവാസകാലം വരെയുള്ള യിസ്രായേൽ ജനതയുടെ ജീവിതത്തിലെ പല സുപ്രധാന സംഭവങ്ങളെയും കുറിച്ചുള്ള പരാമർശം പല സങ്കീർത്തനങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ ആകെയുള്ള 150 സങ്കീർത്തനങ്ങളിൽ എഴുപത്തിമൂന്ന് എണ്ണത്തിന്റെയും രചന നിർവഹിച്ചിരിക്കുന്നത് ദാവീദ് രാജാവാണ്. ആസാഫ് പന്ത്രണ്ടും കോരഹ് പുത്രന്മാർ ഒൻപതും ശലോമോൻ രണ്ടും, ഹേമാൻ, മോശെ എന്നിവർ ഓരോന്നും രചിച്ചിട്ടുണ്ട്. അമ്പത്തൊന്ന് സങ്കീർത്തനങ്ങളുടെ കർത്താക്കളെക്കുറിച്ച് ബൈബിളിലൊരിടത്തും വ്യക്തമായി രേഖപ്പെടുത്തിക്കാണുന്നില്ല. എന്നാൽ ഇവയിൽ ചുരുക്കം ചിലതിനെക്കുറിച്ച് പുതിയ നിയമത്തിൽ പരാമർശിച്ചു കാണുന്നു. 2, 95 എന്നീ സങ്കീർത്തനങ്ങൾ ദാവീദിന്റെ തന്നെ സ്വന്തം കൃതികളാണെന്ന് അപ്പൊ. 4:25, എബ്രാ. 4:7 എന്നീ ഭാഗങ്ങളിൽ വെളിപ്പെടുത്തിക്കാണുന്നു.

മനുഷ്യമനസ്സുകളെ തൊട്ടറിഞ്ഞവയാണ് സങ്കീർത്തനങ്ങളിൽ ഏറിയ പങ്കും. തകർന്ന മനസ്സുകൾക്ക് ആശ്വാസം പകരുന്ന പല സങ്കീർത്തനങ്ങളും എത്ര ആവർത്തി വായിച്ചാലും ഒരു വിശ്വാസിക്ക് തൃപ്തി വരികയില്ല. അതുകൊണ്ടാണ് യഹോയുടെ ആലയത്തിൽ പാർക്കുന്ന ഒരു ദിവസം ആയിരം ദിവസങ്ങളെക്കാൾ ഉത്തമമായി സങ്കീർത്തനക്കാരന് അനുഭവപ്പെട്ടത്. യഹോവയുടെ ആലയത്തിലെ കാവൽക്കാരനായിരിക്കുവാൻ അവൻ ഏറെ ഇഷ്ടപ്പെടുന്നു. "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല". "ഒരു ബാധയും നിന്റെ കൂടാരത്തിൽ അടുക്കയില്ല" എന്നീ വാക്യങ്ങൾ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസം പകരുന്നവയാണ്. ദുഷ്ടന്റെ തീയമ്പുകളിൽ നിന്നും നമ്മെ രക്ഷിച്ച് ഓരോ നിമിഷവും കാത്തു പരിപാലിക്കുന്ന കരുണാമയനായ ദൈവത്തിനുള്ള സ്തുതി സ്തോത്രങ്ങളാണ് മിക്ക സങ്കീർത്തനങ്ങളിലും നിറഞ്ഞു നിൽക്കുന്നത്. വിവിധ സംഗീതോപകരണങ്ങളുടെ സഹായത്തോടെ ദൈവാലയാരാധനയിൽ ആലപിച്ചിരുന്നവയാണ് ഈ ഗാനങ്ങൾ. യഹൂദാ ജനതയുടെ ദൈവാലയ ഗാന സമാഹാരമായും ഭക്തിമാർഗ്ഗ ദീപമായും അതു തീർന്നിരിക്കുന്നു.

വ്യത്യസ്ത കാലഘട്ടങ്ങളിൽ പല എഴുത്തുകാരാൽ രചിക്കപ്പെട്ട ഈ സ്തുതിഗീതങ്ങൾ പിൽക്കാലത്തു സമാഹരിക്കപ്പെട്ടുവെങ്കിലും വൈവിധ്യം കാരണം ഇവ എതെങ്കിലുമൊരു പ്രത്യേക പേരിൽ അറിയപ്പെട്ടിരുന്നില്ല. ആദ്യകാലത്ത് സ്തുതിഗാനങ്ങൾ എന്നാണ് ഇവ അറിയപ്പെട്ടിരുന്നത്. എബ്രായ ഭാഷയിലുള്ള മൂലഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുള്ള 'സെഫർ ടെഹില്ലിം' എന്ന പദത്തിനു സ്തുതിയുടെ പുസ്തകം എന്നാണർത്ഥം. ചുരുക്കത്തിൽ ഈ ഗാന സമാഹാരത്തിന് യോജിച്ച നാമധേയം തന്നെയാണ് സങ്കീർത്തനങ്ങൾ എന്നത്. ചരിത്ര സംഭവങ്ങളുടെ വിവരണമല്ല ഇവയുടെ പ്രധാന ലക്ഷ്യമെങ്കിലും ചില സുപ്രധാന ചരിത്ര സംഭവങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും സങ്കീർത്തനങ്ങളിൽ കാണാൻ സാധിക്കും. രചനാ വിഷയത്തിന്റെ വൈവിധ്യം, അർത്ഥ സമ്പുഷ്ടി, ഭക്തി സാന്ദ്രത എന്നിവ കൊണ്ടു ധന്യമായ ഈ ഗാനസമാഹാരം യെഹൂദാ ജനത്തിന്റെ ആരാധനയിൽ പ്രധാന പങ്കു വഹിച്ചിരുന്നു എന്ന കാര്യം മുൻപു സൂചിപ്പിച്ചിരുന്നല്ലോ. അനേകം ശതാബ്ദങ്ങൾക്കു ശേഷം ഈ ലോകത്തിലേക്കു വരുവാനിരുന്ന രക്ഷകനായ യേശു മശിഹായെക്കുറിച്ചുള്ള പ്രവചനം പല സങ്കീർത്തനങ്ങളിലും നമുക്കു ദർശിക്കാനാവും. 'ഇവൻ എന്റെ പ്രിയ പുത്രൻ' (സങ്കീ. 2: 7), കൈകാലുകൾ തുളയ്ക്കപ്പെടും (27:16), അസ്ഥികൾ ഒന്നും ഒടിഞ്ഞുപോകയില്ല (34 : 20), ഒരു സ്നേഹിതൻ അവനെ ഒറ്റിക്കൊടുക്കും (41: 9) മല്ക്കിസേദക്കിന്റെ ക്രമപ്രകാരം പുരോഹിതൻ (110 :4) എന്നിവ അവയിൽ ചിലതു മാത്രം. ഈ പ്രവചനങ്ങളെല്ലാം തന്നെ പിൽക്കാലത്തു നിവവേറിയിരുന്നതായി സുവിശേഷ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള 150 സങ്കീർത്തനങ്ങളെ അഞ്ചു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ സങ്കീർത്തനവും അവസാനിക്കുന്നത് ഒരു സ്തുതിയോടെയാണ് എന്ന പ്രത്യേകതയും എടുത്തു പറയേണ്ടതാണ്.

ഒന്നുമുതൽ നൂറ്റി അമ്പതുവരെയുള്ള സങ്കീർത്തനങ്ങളെ ആധാരമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ പഠന ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ സങ്കീർത്തനവും വളരെ ശ്രദ്ധയോടെ വായിച്ച് താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. 'സേലാ' എന്ന പദം ആദ്യമായി ഉപയോഗിച്ചിരിക്കുന്നത് ഏത് സങ്കീർത്തനത്തിൽ ?
2. ആരുടെ ആലോചന പ്രകാരം നടക്കരുതെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത് ?
3. യഹോവയെ സേവിക്കേണ്ടത് എങ്ങനെ ?
4. 'പരിച കൊണ്ടെന്നപോലെ നീ ദയ കൊണ്ട് അവനെ മറയ്ക്കും'. ആരെ?
5. യഹോവ ആരെയാണ് ന്യായം വിധിക്കുന്നത് ?
6. ദൈവം എന്നെന്നും മറന്നു പോകാത്തത് ആരെയാണ് ?
7. ദൈവം ഇല്ലെന്ന് ഹൃദയത്തിൽ പറയുന്നതാര് ?
8. ദ്രവ്യം പലിശയ്ക്കു കൊടുക്കാതെയും കൈക്കൂലി വാങ്ങാതെയും ഇരിക്കുന്നവന്റെ അവസ്ഥ ?
9. നിഗളിച്ചു നടക്കുന്നവരെ ദൈവം എന്തു ചെയ്യും ?
10. തേനിലും തേങ്കട്ടയിലും മധുരമുള്ളവ ഏത് ?
11. ഭൂമിയും അതിന്റെ പൂർണ്ണതയും ആർക്കുള്ളത് ?
12. മാൻപേടകളെ പ്രസവിക്കുമാറാക്കുന്നത് ?
13. നീതിമാനെ പകയ്ക്കുന്നവർക്ക് ലഭിക്കുന്നത് ?
14. ആരാണ് വായ്പ വാങ്ങിയിട്ട് തിരികെ കൊടുക്കാത്തത് ?
15. 'അവർ ചെവിയടഞ്ഞ പൊട്ടയണലി പോലെയാകുന്നു' ആര്?
16. യഹോവ എഴുന്നേല്ക്കുമ്പോൾ ചിതറിപ്പോകുന്നതാര് ?
17. മോശെ രചിച്ച സങ്കീർത്തനം ?
18. പനപോലെ തഴയ്ക്കുന്നതാര് ?
19. ശൂന്യ സ്ഥലത്ത് വസിക്കുന്ന പക്ഷിയേത് ?
20. മല്ക്കീസേദെക്കിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന സങ്കീർത്തനം ?
21. ഏറ്റവും കൂടുതൽ വാക്യങ്ങളുള്ള സങ്കീർത്തനം ?
22. വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിയാകേണ്ടത് ?
23. അനാഥനെയും വിധവയെയും സംരക്ഷിക്കുന്നതാര് ?
24. യഹോവ ആരെയാണ് രക്ഷ കൊണ്ട് അലങ്കരിക്കുന്നത് ?
25. 'ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ" സങ്കീർത്തനം ഏത്?

## ഉത്തരങ്ങൾ

1. ഊസ് (ഇയ്യോ. 1 : 1)
2. പത്ത്. പുത്രന്മാർ ഏഴ് ; പുത്രിമാർ മൂന്ന് (1 : 2)
3. ഇയ്യോബിനെ മാത്രം കൈയ്യേറ്റം ചെയ്യരുത് (1 : 12)
4. ശെബായൻ (1 : 15)
5. കല്ദയർ (1 : 17)
6. ദൈവ പുത്രന്മാർ (2 : 1)
7. സാത്താന്റെ (2 : 4)
8. ഇയ്യോബിന്റെ പ്രാണനെ മാത്രം തൊടരുത് (2 : 6)
9. സ്നേഹിതരായ എലീഫസ് ബിൽദാദ്, സോഫർ എന്നിവരുടെ (2 : 11)
10. ഇയ്യോബ് ദൈവത്തോട് (10 :12)
11. സോഫറിന്റെ (11 : 2)
12. പുഴുവും കൃമിയും (25 : 6)
13. ഏലിഹു (32 : 9)
14. ചുഴലിക്കാറ്റിൽ (38 : 1)
15. ഇയ്യോബിനെപ്പോലെ ദൈവത്തിനു വിഹിതമായത് സംസാരിച്ചില്ല (42 : 7)
16. സ്നേഹിതന്മാർക്കുവേണ്ടി (42 : 12)
17. കേരൻ – ഹപ്പൂക് (42 : 14)

## ശരിയുത്തരം അയച്ചവർ

1. ജ്യോതി എസ്.എൽ
ചിറയാടി വീട്
മലയം
2. ആലീസ് ജോർജ്
ഗ്രെയ്സ് ഭവൻ
കുടപ്പനക്കുന്ന്
3. കുഞ്ഞുഞ്ഞമ്മ വർഗ്ഗീസ്
പറങ്കിമാം വിളയിൽ
കൊട്ടാരക്കര
4. ഏലിയാമ്മ പൗലോസ്
ആനന്ദ് നഗർ
ബാംഗ്ലൂർ

# ക്രിസ്തുവിന്റെ സ്നേഹവുമായി സുവിശേഷ വയലുകളിൽ

*കെ. കെ. ജോർജ്ജ്, മിഷൻ ഡയറക്ടർ*

ഉത്തർപ്രദേശിലെ ജി.എം.ഐ മിഷണറിമാരെ കാണുവാനും അവരുടെ പ്രവർത്തനമേഖലകൾ സന്ദർശിച്ച് പ്രവർത്തനങ്ങളെ വിലയിരുത്തുവാനും യാത്രയായ ഞങ്ങൾ, യാത്രക്കിടെയുണ്ടായ പ്രയാസങ്ങൾ നിമിത്തം നിശ്ചിത ദിവസത്തിനും ഒരം ദിവസം വൈകിയെങ്കിലും 2011 മാർച്ച് 8-ാം തീയതി രക്ഷകന്റെ നടത്തിപ്പിനാൽ ഗോരഖ്പൂറിൽ എത്തിചേർന്നു. എന്നാൽ ക്രിസ്തുവിന്റെ മാത്രം കൃപപയാൽ അവിടെ നിറവേറുന്ന ദൈവീക പ്രവർത്തനങ്ങളെ കണ്ടപ്പോൾ അനേക ദൈവമക്കളുടെ പ്രാർത്ഥനയും ത്യാഗപൂർവ്വമുള്ള കൈത്താങ്ങും ഏറെ ഫലവത്താകുന്നതോർത്ത് ദൈവത്തെ സ്തുതിക്കുവാൻ ഇടയായി.

ഉത്തർപ്രദേശിലെ ജി.എം.ഐ മിഷണറി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സഹോ. എച്ച്. ബി. ജോൺ പ്രവർത്തിക്കുന്ന മാവു ജില്ലയിലെ ഗ്രാമങ്ങളിലേയ്ക്കാണ് ഞങ്ങൾ ആദ്യം പോയത്. മര്യാദ്പൂർ ഗ്രാമം കേന്ദ്രമാക്കിയാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. ജീവിതം തന്നെ ക്രിസ്തുവിനായി ഉഴിഞ്ഞുവച്ച വ്യക്തിത്വമാണ് സഹോ. എച്ച്. ബി. ജോണിന്റേത്. വിശ്വാസികളുടെ ഒരു സമൂഹം തന്നെ അവിടെയുണ്ട്. അവർ വളരെ ഉത്സാഹത്തോടെ കൂട്ടായ്മകളിൽ പങ്കെടുക്കുന്നു. വാടകയ്ക്ക് എടുത്ത ഒരു ഹാളിലാണ് കൂട്ടായ്മകൾ നടത്തുന്നത്. 40 പേർ വിശ്വാസികളായി ഉണ്ട്. അവരിൽ 13 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. മര്യാദ്പൂറിൽ 4 പ്രെയർ സെല്ലുകളും ഒരു സൺഡേ സ്ക്കൂളും നടന്നു വരുന്നു. 25 കുഞ്ഞുങ്ങൾ സൺഡേ സ്ക്കൂളിൽ വേദ പഠനത്തിനായി കടന്നു വരുന്നു. വേദപഠന ക്ലാസ്സുകളും അനുഗ്രഹപ്രദമായി നടക്കുന്നു. മര്യാദ്പൂർ, മുരുഖ്പൂർ, കുട്ടുപൂർ, ലഖ്നൗവർ, ഗുരുമ്മഹാ, അജോർപൂർ, ബറൗറ എന്നീ ഗ്രാമങ്ങളിലെ 9 ഹൗസ് ചർച്ചുകളിലായി 155 വിശ്വാസികൾ ഉണ്ട്. അവരിൽ 35 പേർ കർത്താവായ യേശുവിനെ ജലത്തിൽ സക്ഷീകരിച്ചവരുംആണ്. പ്രസ്തുത ഗ്രാമങ്ങളിലെ കൂട്ടായ്മകളിലെല്ലാം തന്നെ ദൈവം ഇറങ്ങി പ്രവർത്തിച്ച അനേകം സാക്ഷ്യങ്ങൾ കേൾക്കുവാനിടയായി. ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളുടെ ഒരു സമൂഹത്തെ അവിടെ കാണുവാൻ സാധിച്ചു. മാവു ജില്ലയിൽ സഹോ. മനോജ് കുമാർ പ്രവർത്തിക്കുന്ന 7 ഗ്രാമങ്ങളിലെ 8 ഹൗസ് ചർച്ചുകളിൽ 98 വിശ്വാസികൾ ഉണ്ട്. ജല സ്നാനമേറ്റവരായി 35 വ്യക്തികൾ ഉണ്ട് 7 പ്രെയർ സെല്ലുകളും 2 സൺഡേ സ്ക്കൂളുകളും അനുഗ്രഹപ്രദമായി നടക്കുന്നു.

ബല്ലിയാ ജില്ലയിലെ സോധൻപൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. അനിൽ കുമാർ കച്ചേര, ഉമേഡ, മാലിപൂർ, തിർനായി, രാഹിലാപാലി, തൽമ എന്നീ ഗ്രാമങ്ങളിലും കടന്നുപോയി സുവിശേഷം അറിയിക്കുന്നു. 8 ഹൗസ് ചർച്ചുകളിലായി 160 പേർ കൂട്ടായ്മ ആചരിക്കുന്നു. ഇവരിൽ 39 പേർ ജലസ്നാനം സ്വീകരിച്ചവരാണ് 3 പ്രെയർസെല്ലുകളും 4 സൺഡേ സ്ക്കൂളുകളും സഹോ. അനിൽ കുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

ബാന്ദ ജില്ലയിലെ അദ്രോരി, കമോരോ, ഹസ്ദം, ആന്തുവാ, പൗണ്ടുര, ചിബാവോ എന്നീ ഗ്രാമങ്ങളിലായി നടക്കുന്ന സഹോ. വിനോദ് കുമാർ പോളിന്റെ പ്രവർത്തനങ്ങളും നേരിൽ കാണുവാൻ കഴിഞ്ഞു. 6 ഹൗസ് ചർച്ചുകളായി 130 പേർ കൂട്ടായ്മകളിൽ സംബന്ധിക്കുന്നു. 29 പേർ സ്നാനമേറ്റവരാണ്. 6 സൺഡേ സ്ക്കൂളുകളും സഹോ. വിനോദ്കുമാറിന്റെ പ്രവർത്തനമേഖകളിൽ ഉണ്ട്. അവിടെയുള്ള വിശ്വാസികളോടൊപ്പം കൂട്ടായ്മ ആചരിക്കുവാനും അത്ഭുത സാക്ഷ്യങ്ങൾ ശ്രവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയായി.

ബാന്ദ ജില്ലയിൽ അർജുന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. രാംവിഷാൽ ഫിലിപ്പിന്റെ പ്രവർത്തനങ്ങളും അനുഗ്രഹപ്രദമായി നടക്കുന്നു. 6 ഹൗസ് ചർച്ചുകളും 4 പ്രെയർ സെല്ലുകളും 3 സൺഡേ സ്ക്കൂളുകളും പ്രവർത്തിക്കുന്നു. 55 പേർ കൂട്ടായ്മ ആചരിക്കുന്ന ഇവിടെയും ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾക്കു സാക്ഷ്യം വഹിക്കുവാൻ ദൈവം കൃപ ചെയ്തു.

ഉത്തർപ്രദേശിലെ ഗ്രാമീണർ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ്. എന്നാൽ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നവർ തങ്ങൾ രക്ഷകനും നാഥനുമായി സ്വീകരിച്ച കർത്താവായ യേശു ക്രിസ്തുവിൽ അചഞ്ചലമായി വിശ്വസിക്കുന്നു. അവരുടെ നിഷ്ക്കളങ്കമായ പ്രാർത്ഥനയും ഉറച്ച വിശ്വാസവും നിമിത്തം ദൈവം അവരുടെ ഇടയിൽ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുന്നു. യാതൊരു വിധത്തിലുള്ള പാരമ്പര്യങ്ങളും അവകാശപ്പെടുവാനില്ലാത്ത എളിയ ജനത. എന്നാൽ അവർക്കെല്ലാവർക്കും തന്നെ വലിയ വിടുതലിന്റെ അത്ഭുത സാക്ഷ്യങ്ങൾ പറയുവാനുണ്ട്. എല്ലാവരും വിവിധ മുഖാന്തരങ്ങളിലൂടെ ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചവരാണ്.

12 ജി.എം.ഐ. മിഷണറിമാർ ഉത്തർ പ്രദേശിൽ പ്രവർത്തിക്കുന്നു. അവരുടെ ഉത്സാഹത്തോടെയുള്ള പ്രവർത്തനങ്ങൾ മൂലം അനേകർ കർത്താവിങ്കലേക്ക് ആകൃഷ്ടരാകുന്നു. ധാരാളം പ്രതികൂലങ്ങൾ നിലനിൽക്കുന്ന സംസ്ഥാനമാണെങ്കിലും വലിയവനായ ദൈവം നമ്മുടെ മിഷണറിമാരെയും വിശ്വാസികളെയും കാത്തു പരിപാലിക്കുന്നു. വേലയുടെ അതിരുകൾ ഇനിയും വിശാലമാക്കപ്പെടേണ്ടതുണ്ട്; അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ചർച്ച് ഹാളുകളുടെ നിർമ്മാണം. വിശ്വാസത്തിലേക്ക് കടന്നുവരുന്നവർക്ക് ഒരുമിച്ചു കൂടിയിരുന്ന് ദൈവത്തെ ആരാധിക്കുവാൻ ചർച്ചഹാളുകൾ അത്യന്താപേക്ഷിതമാണ്. ഉത്തർപ്രദേശിലെ സുവിശേഷ വയലുകളിലേക്ക് സമർപ്പിതരായ മിഷണറിമാർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടേണ്ടതിനായും ചർച്ചുഹാളുകളുടെ നിർമ്മാണത്തിനായി സഹകരിക്കുവാൻ അഭ്യുദയ കാംക്ഷികളുടെ ഹൃദയങ്ങളിൽ ദൈവീക ഇടപെടൽ ഉണ്ടാകേണ്ടതിനായും നമുക്ക് പ്രാർത്ഥിക്കാം.



*ഉത്തർപ്രദേശിലെ ജി.എം.ഐ മിഷണറി സഹോദരന്മാർ ഒരുമിച്ച് ചേർന്നപ്പോൾ*



*മര്യാദ്പൂർ ഗ്രാമത്തിലെ ജി.എം.ഐ കൂട്ടായ്മയിൽ സന്ദേശം നൽകുന്ന ബ്രദർ. കെ. കെ. ജോർജ്*

# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു" എന്നരുളിയ ക്രിസ്തുവിന്റെ വാക്കുകൾക്ക് നമ്മുടെ ജീവിതത്തിൽ എത്രത്തോളം പ്രസക്തിയുണ്ട്? ഈ എളിയവരെ സഹായിക്കുവാനുള്ള മനസ്സു നമുക്കുണ്ടോ? അവരെ കണ്ടെത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? ഒന്നു സ്വയം പരിശോധിച്ചാലും. കർത്താവിനു വേണ്ടി യഥാർത്ഥത്തിൽ എന്തെങ്കിലും ചെയ്യുന്നുണ്ടോ നാം...? ഇവിടെ കർത്താവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി നിങ്ങളെ സഹായിക്കുവാൻ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയ്ക്ക് കഴിയും. അതാണ് ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി. നമുക്ക് ചുറ്റുമുള്ള എളിയവരെ വ്യക്തമായും കണ്ടു പിടിച്ച് അവരുടെ യോഗ്യത അറിഞ്ഞ് അവരെ സഹായിക്കുന്ന ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷനിലൂടെ ക്രിസ്തുവിന്റെ ഈ എളിയവരെ നിങ്ങളാൽ കഴിയുന്ന സഹായം; ഭക്ഷണം നൽകുന്നതിലൂടെ (പട്ടിണി നിവാരണം), ഭവനം വച്ച് നൽകുന്നതിലൂടെ, വിദ്യഭ്യാസത്തിൽ കൈപിടിച്ച് ഉയർത്തുന്നതിലൂടെ ..... ഇങ്ങനെ നമുക്കാവും വിധത്തിൽ നിർവ്വഹിക്കുവാൻ ഹഫാമിലൂടെ സാദ്ധ്യം.

ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ഒരുങ്ങിയിരുന്നവർ, സ്വന്തം പിതാവിനാൽ പോലും പീഡിപ്പിക്കപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്രം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. നമുക്ക് ചുറ്റും ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതൊ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ആവശ്യമുള്ള ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്.

**തി**രുവനന്തപുരം ജില്ലയിൽ കാട്ടാക്കട പഞ്ചായത്തിലെ കിള്ളി സ്വദേശിനിയാണ് ശ്രീമതി മൈനുമ്മ(80). വിധവയും വൃദ്ധയും പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളാൽ ഭാരപ്പെടുകയും ചെയ്യുന്ന മൈനുമ്മയ്ക്ക് ഇപ്പോൾ 6 പെൺമക്കളും 2 ആൺ മക്കളും ഉണ്ട്. ഒരു മകൻ നേരത്തേ മരിച്ചു പോയി, പെൺമക്കളിൽ 5 പേർ വിവാഹിതരായി വേറെ താമസിക്കുന്നു. അവരും വളരെ കഷ്ടതയിൽ ജീവിക്കുന്നു. മൈനുമ്മയുടെ കൂടെ ഇപ്പോൾ ഷാഹുൽ ഹമീദ് (40), ഒരീഫ (38) എന്നീ മക്കൾ താമസിക്കുന്നു. ഇരുവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരും വികലാംഗരുമാണ്. എഴുന്നേറ്റ് നില്ക്കാനോ നടക്കാനോ സാധിക്കില്ല. മൂന്നു വർഷങ്ങൾക്കു മുൻപ് പഞ്ചായത്തിൽ നിന്നും ലോണെടുത്ത് പണി കഴിപ്പിച്ച ഒരു ചെറിയ വീട്ടിലാണ് താമസം. വീടിന്റെ അവസ്ഥയും വളരെ പരിതാപകരമാണ്. ഇന്ന് ജി.എം.ഐയുടെ സന്തുഷ്ട കുടംബ പദ്ധതി (ഹഫാം) യിലൂടെ പ്രതീക്ഷയുടെ ഒരു ചെറുതിരിനാളം ഈ എളിയ കുടുംബത്തിനു കൈവന്നിരിക്കുന്നു.



*ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന കുടുംബം: ശ്രീമതി മൈനുമ്മയും രണ്ടു മക്കളും*

**പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും കാഠിന്യത്തിൽ യാതൊരു വരുമാനവും സഹായങ്ങളുമില്ലാതെ ജീവിച്ചിരുന്ന ഇവരെ സന്തുഷ്ട കുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തിരിക്കുന്നത് തിരുവനന്തപുരം, അന്തിയൂർകോണം, മഹനിയത്തിൽ ശ്രീ. കുഞ്ഞപ്പി അവർകളുടെ കുടുംബമാണ്.**


ദൈവശാസ്ത്രം പഠിക്കുവാൻ ജി.എം.ഐ എല്ലാവർക്കും അവസരം ഒരുക്കുന്നു

## തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ ആന്റ് ഇവാഞ്ചലിസം സ്റ്റഡീസ് (TIMES)

| കോഴ്സുകൾ | വർഷം |
|---|---|
| C Th | 1 |
| Dip CS | 2 |
| B Th | 3 |
| BCS | 4 |

- പ്രായവ്യത്യാസമില്ലാതെ എല്ലാവർക്കും ദൈവവചനം പഠിക്കുവാൻ അവസരം
- സെനറ്റ് ഓഫ് സെറാംപൂർ കോളേജിന്റെ (യൂണിവേഴ്സിറ്റി) അംഗീകാരമുള്ള കോഴ്സുകൾ
- വിദ്യാഭ്യാസ യോഗ്യത പ്രശ്നമാക്കാതെ എല്ലാവർക്കും ദൈവവചനം പഠിക്കുവാൻ അവസരം
- സഭാ വ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം, സെനറ്റ് ഓഫ് സെറാംപൂർ കോളേജിന്റെ (യൂണിവേഴ്സിറ്റി) അംഗീകാരമുള്ള ഡിഗ്രി
- നിങ്ങളുടെ സ്ഥലത്ത് ക്ലാസുകൾ ക്രമീകരിക്കുന്നു
- ജോലിയോടുകൂടിത്തന്നെ ദൈവവചനം പഠിക്കുവാൻ സാധിക്കുന്നു
- അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ ക്ലാസുകൾ എടുക്കുന്നു
- മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ക്ലാസുകൾ

NB: ഈ കോഴ്സുകളിലേക്കുള്ള റെഗുലർ ക്ലാസിന്റെ ഈ വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് :
The Director, Times, Grace Ministries of India
Nanthencode, Kowdiar P.O, Trivandrum - 695003
Ph. 0471 - 2311439, Mob : 9747264525, 9947461745
www.graceindia.in; graceministriesofindia@yahoo.com



*രാജൻ ജെ. ആഷെർ*

# "സമ്പത്തു വർദ്ധിച്ചാൽ....."

***"സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസു വയ്ക്കരുത്" (സങ്കീ: 62:10).***

## ദൈവത്തിന്റെ മനസ്സ് അറിഞ്ഞ ദാവീദിന്റെ ഉപദേശം

കുടുംബം വക ആടുകളുടെ ഇടയനായി ബാല്യകാല അലച്ചിൽ, യൗവ്വനത്തിലെ കൊട്ടാര സമൃദ്ധിയിലേക്കുള്ള പറിച്ചു നടീൽ, തുടർന്നു ജീവനുവേണ്ടി അരമനയും ആർഭാടവും ഉപേക്ഷിച്ചു വനാന്തരങ്ങളിലെ അലച്ചിൽ, ഒടുവിൽ അധികാരത്തിന്റെ ഔന്നത്യത്തിലേക്കുള്ള മടക്കം....... എല്ലാം നന്നായി അനുഭവിച്ച ദാവീദു പറയുമ്പോൾ വാക്കുകൾക്ക് അർത്ഥമേറും. എല്ലാം കണ്ടതല്ലേ ആ കണ്ണുകൾ!

തിരുവെഴുത്തുകൾ അനുധാവപൂർവ്വം പഠിച്ചാൽ ദാവീദിന്റെ വാക്കുകൾ ദൈവ തിരുമനസിന്റെ വാക് രൂപമാണെന്നു മനസിലാക്കാൻ പ്രയാസമില്ല.

യേശു ക്രിസ്തു പറഞ്ഞു: നിന്റെ നിക്ഷേപം ഉള്ളയിടത്തു നിന്റെ ഹൃദയവും ഇരിക്കും (മത്താ.6:21). സമ്പത്തിൽ ഹൃദയം വയ്ക്കാതെ സമ്പത്തു സ്വരുപിച്ചു വയ്ക്കാൻ കഴിയുമെന്നമട്ടിൽ ദാവീദിന്റെ വാക്കുകളെ കോട്ടിക്കളയുന്നവരോടു, സർവ്വ സമ്പന്നനായിരുന്നിട്ടും മനുഷ്യരെ പ്രതി ദാരിദ്ര്യം മനസ്സോടെ വരിച്ച യേശു (2.കൊരി 8 : 9) പറയുന്നതു സമ്പത്തും ഹൃദയവും രണ്ടിടത്തായിരിക്കാൻ കഴിയില്ല എന്നു തന്നെ.

## സമ്പത്തിൽ ശരണം

നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും (ഇയ്യോ.1:1) ആയിരുന്ന ഇയ്യോബു സാക്ഷ്യപ്പെടുത്തുന്നു: ഞാൻ പൊന്ന് എന്റെ ശരണമാക്കിയെങ്കിൽ, തങ്കത്തോടു നീ എന്റെ ആശ്രയം എന്നു പറഞ്ഞുവെങ്കിൽ, എന്റെ ധനം വളരെ ആയിരിക്കകൊണ്ടും എന്റെ കൈ അധികം സമ്പാദിച്ചിരിക്കകൊണ്ടും ഞാൻ സന്തോഷിച്ചുവെങ്കിൽ, ........ അതു ന്യായാധിപന്മാർ ശിക്ഷിക്കേണ്ട കുറ്റം ആണ്. അതിനാൽ ഞാൻ ഉയരത്തിലെ ദൈവത്തെ നിഷേധിച്ചു എന്നു വരുമല്ലോ (ഇയ്യോ. 31: 24–28).

ഇയ്യോബിന്റെ സാക്ഷ്യം പൂർണ്ണമായി അംഗീകരിച്ചുകൊണ്ടു തിമൊഥെയൊസിനോടു പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക: "ധനവാന്മാർ ഉന്നതഭാവം കൂടാതെ ജീവിക്കാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിക്കാൻ തരുന്ന ദൈവത്തിൽ പ്രത്യാശ വയ്ക്കാനും ......... ആജ്ഞാപിക്കുക" (1 തിമൊ. 6 :17–19). ഈ പരമമായ സത്യം ദൈവജനത്തിനു ബോധ്യമാകണം.

സമ്പത്തിൽ ശരണം കണ്ടെത്തുന്നവർ ദൈവത്തെ തിരസ്ക്കരിക്കുയോ രണ്ടാം സ്ഥാനത്താക്കുകയോ ചെയ്യുമെന്നതിനു രണ്ടു പക്ഷമില്ല; അവർക്കു സ്വർഗ്ഗത്തിൽ നിക്ഷേപവുമില്ല.

## ശക്തി.... സൈന്യം....ധനം

'സമ്പത്ത്' എന്നു ദാവീദു പറയുന്ന chayil എന്ന എബ്രായപദം സാധാരണ ശക്തി, സൈന്യം, ധനം എന്നിവയെ വിവക്ഷിക്കാനുപയോഗിക്കുന്നതാണ്. ഈ ആശയം വ്യക്തമായി മനസ്സിലാകണമെങ്കിൽ സമ്പത്തിന്റെ എതിർപദമായ ദാരിദ്ര്യം എന്ന ആശയം മനസിലാക്കണം. ബൈബിളിൽ ദരിദ്രൻ എന്നാൽ 'നിർദ്ധനൻ' എന്നു മാത്രമല്ല വിവക്ഷിക്കുന്നത്. അടിസ്ഥാനപരമായി, 'ഇല്ലാത്തവൻ' എന്നാണ് ആ വാക്കിന് അർത്ഥം. താണനിലയിലുള്ളവൻ, കുനിഞ്ഞവൻ, ബലഹീനൻ, ചെറിയവൻ, അപ്രസക്തൻ, ഇവയൊക്കെക്കൊണ്ടു തന്നെ പീഡിപ്പിക്കപ്പെടുന്നവൻ. അവൻ എന്നും തോല്ക്കുന്നവനാണ്, എപ്പോഴും പിൻനിരയിലാണ്.

ഇങ്ങനെയുള്ള ദരിദ്ര ഭൂരിപക്ഷത്തിന്റെ പാശ്ചാത്തലത്തിലാണു സമ്പത്തിനെയും അതിനകമ്പടിയായി വരുന്ന അഹന്തയെയും അധികാരത്തെയും മേധാവിത്വത്തെയും കാണാൻ. സമ്പത്തുള്ളവൻ മറ്റെന്തെല്ലാം കുറവുണ്ടെങ്കിലും എന്നും എവിടെയും അഹങ്കാരത്തോടെ നില്ക്കുന്നവനാണ്, നേടുന്നവൻ.

ശലോമോൻ രാജാവിനെ സന്ദർശിച്ച് ആഗ്രഹ നിവർത്തിക്കു വന്ന ശേബാ രാജ്ഞിയുടെ "അതി മഹത്തായ പരിവാര" (1 രാജാ. 10:2, 2ദിന. 9:1) ത്തിനു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നതു 'ഛായിൽ (chayil) എന്ന പദം തന്നെയാണ്. രസകരമായ കാര്യം, ശേബ "ആഗ്രഹിച്ചു ചോദിച്ചത് എല്ലാം", ഉപ്പ്, എല്ലാം അവർ ശലോമോനിൽ നിന്നു നേടിയെടുത്തുവെന്നതാണ്. അതാണു സമ്പത്തിന്റെ അതിമഹത്തായ പരിവാര ഗുണം.

## വിഗ്രഹാരാധനയായ ദ്രവ്യാഗ്രഹം

പഴയ നിയമത്തിലുടനീളം വിഗ്രഹാരാധനയെ വിട്ടുവീഴ്ചയില്ലാതെ എതിർത്ത ദൈവം പുതിയ നിയമത്തിൽ ദ്രവ്യത്തെ (സമ്പത്ത്- നിക്ഷേപം- സ്വത്ത് എന്നൊക്കെ മൊഴിമാറ്റം) വിഗ്രഹത്തിന്റെ സ്ഥാനത്തു നിർത്തുന്നത് എന്ന് ഓർക്കണം.

ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം എന്നിവയുടെ നിരയിലാണ് ത്യാഗ്രഹം. ഒപ്പം ഒരു വിശേഷണവും- വിഗ്രഹാരാധനയായ അത്യാഗ്രഹം (എഫെ. 5:4–5, കൊലൊ. 3:5). ഈ വകയുള്ളവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ പ്രവേശനമില്ല. അവർക്കുള്ള ഓഹരി ദൈവകോപമാണ്, പൗലൊസ് വിശദീകരിക്കുന്നു.

## ധനത്തിന്റെ വഞ്ചന

"ഈ ലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു ലൗകിക മോഹങ്ങളും വചനത്തെ ഞെരുക്കാൻ പര്യാപ്തമായവയാണ് എന്നു കർത്താവും സ്ഥിരീകരിച്ചിട്ടുണ്ട് (മർ.4:19).

മൺമയനായ മനുഷ്യനു മണ്ണിനോടു സ്വാഭാവിമായ ഒരു ചായ്വ് ഉണ്ട്. പാപം മൂലം ദൈവ സമൃദ്ധിയുടെ ഔന്നത്യത്തിൽ നിന്നു മനുഷ്യൻ വീണത് ഈ പാഴ് മണ്ണിലേക്കാണ്. മണ്ണിനോട്, മണ്ണിൽ വിളയുന്ന പൊന്നിനോട്-അതിന് എന്തെല്ലാം രൂപഭേദങ്ങളുണ്ടെങ്കിലും - മനുഷ്യന് എന്നും ഒരു തരം അഭിനിവേശമാണ്. ആവശ്യവും പരിമിതികളും, ആഗ്രഹങ്ങളും മോഹങ്ങളുമായി പരിണമിക്കുന്നു. പിന്നെ അത് എത്ര കിട്ടിയാലും മതി വരാത്ത ആർത്തിയായിത്തീരുന്നു. അവന്റെ കണ്ണിനു സമ്പത്തു കണ്ടു തൃപ്തി വരുന്നതുമില്ല (സഭാ. 4:8).

## ലോകസ്നേഹം

## ദൈവത്തോടുള്ള ശത്രുത്വം

സമ്പത്തിനോടുള്ള ഈ സ്വാഭാവിക- ജഡിക-ഇഷ്ടത്തെ വെടിയണമെന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ജഡമോഹം വെടിഞ്ഞാലേ പ്രത്യാശയുണ്ടാവൂ. ദൈവ സഭയെ പഠിപ്പിക്കാൻ തീത്തോസിനോടു നിർദ്ദേശിക്കുന്ന ഈ ഭാഗം നോക്കൂ. ലോക സ്നേഹം (പ്രപഞ്ച മോഹം) വെടിഞ്ഞിട്ടു സുബോധത്തോടെ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതയ്ക്കായി കാത്തുകൊണ്ടും ജീവിക്കാൻ പഠിപ്പിക്കണം (തീത്തൊ. 2:12–13).

യോഹന്നാൻ അത് ഒന്നുകൂടെ വ്യക്തമാക്കുന്നു: ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല......... ലോകത്തിലുള്ളതു പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നാണ്. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും.....അതുകൊണ്ടു ലോകത്തിലുള്ളതിനെ സ്നേഹിക്കരുത് (1 യോഹ. 2:15–17).

പക്ഷെ, ഈ ലോകത്തോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ മാത്രം 'വിശുദ്ധനും ഭക്തനും ആരാധിക്കുന്നവനും' ഒന്നും തിരുവചനത്തിലെ ഈ വിലക്കുകാണാൻ, കണ്ടാൽ തന്നെ തിരിച്ചറിഞ്ഞു ഗൗരവമായെടുക്കാൻ കൂട്ടാക്കുന്നില്ല, അതു പഠിപ്പിക്കുന്നുമില്ല. "മുന്തിയ വിശുദ്ധന്മാർ" പോലും ഈ വാക്യങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു.

## ധനവാനാകാനുള്ള ബുദ്ധി

"ധനവാനാകാൻ പണിപ്പെടരുത്. അതിനായുള്ള ബുദ്ധി വിട്ടുകളയുക.... നിന്റെ ദൃഷ്ടി ധനത്തിന്മേൽ പതിപ്പിക്കുന്നതെന്തിന്? അത് ഇല്ലാതായിപ്പോകും...... അതു ചിറകു വിടർത്തി പറന്നുകളയും"(സദൃ. 23: 4–5). കണ്ണു മോഹിച്ചതൊന്നും അതിനു വിലക്കാതെ, ഹൃദയാഭിലാഷങ്ങളൊന്നും നിഷേധിക്കാതെ "എല്ലാം" അനുഭവിച്ച ശലോമോൻ നല്കുന്ന പാഠം. "ധനവാകാനുള്ള ബുദ്ധി വിട്ടുകളയുക". സകലവും മായയാണ്. വസ്തുവാസ്തവമല്ല. ധനം മനുഷ്യന് ആത്യന്തിക തൃപ്തി നൽകുന്നില്ല സംതൃപ്തി നൽകുന്നതു ദൈവമാണ് (സങ്കീ. 104: 28). കൊട്ടാര സമാനമായ

*(ശേഷം അടുത്ത പേജിൽ)*

**ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം എന്നിവയുടെ നിരയിലാണ് അത്യാഗ്രഹം. ഒപ്പം ഒരു വിശേഷണവും- വിഗ്രഹാരാധനയായ അത്യാഗ്രഹം (എഫെ. 5:4–5, കൊലൊ. 3:5). ഈ വകയുള്ളവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ പ്രവേശനമില്ല.**

**"സൂചിവാതിൽ" എന്ന ഇല്ലാത്തൊരു വാതിലിലൂടെ ആർക്കും പ്രവേശനമില്ല. ഒട്ടകം നേർത്തു കനം കുറഞ്ഞ ഒരു നൂലാകണം, ദൈവരാജ്യ പ്രവേശനം വേണമെങ്കിൽ. സൂചിക്കുഴയെ വാതിലാക്കി വികസിപ്പിക്കാൻ ദൈവത്തിനു പരിപാടിയില്ല. ആ പണി ആരും ഏറ്റെടുക്കുകയും വേണ്ട.**

# ഭാരതം കാത്തിരിക്കുന്നു 36

## ചാൾസ് ഗ്രാൻഡിസൺ ഫിന്നി

*സരള ഓസ്റ്റിൻ*

**1792** ആഗസ്റ്റ് 29-ന് അമേരിക്കയിലെ കണക്ടിക്കട്ട് എന്ന ഗ്രാമത്തിലാണ് ചാൾസ് ഗ്രാൻഡിസൺ ഫിന്നി ജനിച്ചത്. 1794 -ൽ സ്ഥല പരിമിതി കാരണം ധാരാളം കുടുംബങ്ങൾ അമേരിക്കയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക് കുടിയേറിയപ്പോൾ ഫിന്നിയുടെ കുടുംബവും മാറി താമസിച്ചു. അടുത്തുള്ള ഒരു സ്കൂളിലാണ് ചാൾസ് ആദ്യം പഠനം നടത്തിയത്. പിന്നീട് ക്ലിന്റണിലുള്ള ഹാമിൽട്ടൺ നൈയ്ഡ അക്കാദമിയിലായിരുന്നു തുടർ പഠനം. ഈ സ്കൂളിന്റെ പ്രിൻസിപ്പൽ സേത്ത് മോർട്ടണ് ചാൾസിനോട് പ്രത്യേകം അടുപ്പം തോന്നി. അവനെ സംഗീതത്തിലും മറ്റ് അടിസ്ഥാന വിദ്യാഭ്യാസ വിഷയങ്ങളിലും മികവുള്ളവനാക്കി. യേൽ കോളേജിൽ ഉപരി പഠനത്തിനുള്ള ക്രമീകരണങ്ങൾക്കായി 1812-ൽ അവൻ കണക്ടിക്കട്ടിൽ മടങ്ങിയെത്തി വാരെൻ അക്കാദമിയിൽ ചേർന്നു. പക്ഷേ യേൽ കോളേജിൽ ചേരുവാൻ തടസ്സങ്ങൾ ഉണ്ടായതിനാൽ തുടർന്ന് രണ്ടു വർഷം ഫിന്നി ന്യൂജേഴ്സിയിലെത്തി അധ്യാപകനായി. 1818 – ൽ തന്റെ മാതാവിന്റെ രോഗ വിവരം അറിഞ്ഞ താൻ ന്യൂയോർക്കിൽ മടങ്ങിയെത്തി. തുടർന്ന് നിയമപഠനത്തിനായി ശ്രദ്ധ തിരിച്ച ചാൾസ് ആഡംസിലുള്ള ബെഞ്ചമിൻ റൈറ്റ് എന്ന ജഡ്ജിയുടെ ഓഫിസിൽ പരിശീലനവും നടത്തി. ഒരു ബാറിലെ സ്ഥിരാംഗമായില്ലെങ്കിലും ആഡംസിലെ വിവിധ കോടതികളിൽ താൻ കേസുകൾ വാദിച്ചു.

നിയമപഠന കാലയളവിൽ തന്നെ ആഡംസിലുള്ള പ്രസ്ബിറ്റേറിയൻ ചർച്ചിൽ താൻ ആത്മീയ കൂട്ടായ്മകളിൽ പങ്കുകൊണ്ടു. അവിടുത്തെ പാസ്റ്റർ ജോർജ് ഗേൽ നല്ല വിദ്യാഭ്യാസവും കഴിവുമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ബൈബിൾ ക്ലാസുകളിലും ഫിന്നി ആകൃഷ്ടനായിത്തീർന്നു. നിയമ പഠനത്തിനുതകുന്ന വാക്യങ്ങൾ ഫിന്നി ബൈബിളിൽ കണ്ടെത്തി. അങ്ങനെ താൻ ഒരു ബൈബിൾ വാങ്ങുകയും പഠിക്കുവാൻ തുടങ്ങുകയും ചെയ്തു. ഈ മാറ്റങ്ങളെല്ലാം തന്റെ ഉള്ളിലുള്ള ആത്മാവിനെപ്പറ്റി ചിന്തിക്കുവാൻ കൂടുതൽ പ്രേരണയായി. ഒരു മരണാനന്തര ജീവിതമുണ്ടെങ്കിൽ അതിനായി താൻ ഒരുക്കപ്പെട്ടിട്ടില്ലെന്ന് ഫിന്നി മനസ്സിലാക്കി. പക്ഷെ അസ്വസ്ഥമായ ഒരു മനസ്സുമായി അദ്ദേഹം രണ്ടുമൂന്നു വർഷങ്ങൾ കൂടി തള്ളി നീക്കി. ഒടുവിൽ താൻ ഒരു തീരുമാനത്തിലെത്തി. വിശുദ്ധ ബൈബിൾ യഥാർത്ഥ ദൈവ വചനമെന്നും വിശ്വാസത്താലുള്ള രക്ഷയ്ക്ക് തയ്യാറാകണമെന്നും തനിക്കു ബോധ്യമായി. തുടർന്നു ചില ദിവസങ്ങൾ അദ്ദേഹം പ്രാർത്ഥനയിലും വായനയിലും സമയം ചെലവഴിച്ചു. തന്റെ അഹംഭാവമാണ് യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നതിൽ തനിക്കുള്ള തടസ്സമെന്ന് അദ്ദേഹത്തിനു മനസ്സിലായി. പാപബോധം തന്നിൽ വർദ്ധിച്ചുകൊണ്ടേയിരുന്നു.

1821 ഒക്ടോബറിലെ ഒരു ചൊവ്വാഴ്ച യേശുവിന്റെ യാഗത്തെക്കുറിച്ചുള്ള ചിത്രം അദ്ദേഹത്തിന്റെ ഉള്ളിൽ കൂടുതൽ വ്യക്തമായി വരുന്നതുപോലെ തോന്നി. അടുത്ത പ്രഭാതത്തിൽ ഓഫീസിലേക്കുള്ള തന്റെ യാത്രയിൽ പട്ടണ മധ്യേ വച്ച് പാപഭാരത്താൽ ജീവൻ നഷ്ടപ്പെടുവാൻ പോകുന്നതുപോലെ അനുഭവപ്പെട്ടു. അടുത്തുകണ്ട മരക്കൂട്ടത്തിനിടയിൽ കയറി ദൈവസന്നിധിയിൽ തന്റെ ഹൃദയം പകരുവാൻ താൻ ആഗ്രഹിച്ചു. അതിനായി തുനിഞ്ഞപ്പോൾ മറ്റാരെങ്കിലും താൻ പ്രാർത്ഥിക്കുന്നതു കാണുമെന്നുള്ള അപകർഷതാബോധം തന്നെ അലട്ടി. എങ്കിലും കൂറ്റൻ മരങ്ങൾക്കിടയിൽ ഫിന്നി പ്രാർത്ഥനയ്ക്കായി മുട്ടുകുത്തി. എന്നാൽ തന്റെ ഹൃദയത്തിൽ നിന്നും ഒരു വാക്കുപോലും പുറപ്പെട്ടില്ല. ആത്മാവിന്റെ രക്ഷയുടെ ഉറപ്പ് പ്രാപിക്കാതെ അവിടെ നിന്നും എഴുന്നേൽക്കുകയില്ലെന്ന് ചാൾസ് ഉറച്ചു. ദൈവത്തോട് ഉടമ്പടി ചെയ്തു. തന്റെ തെറ്റുകളെക്കുറിച്ചുള്ള അവബോധം ഏറി വരുമ്പോൾ ഉറക്കെ കരയുവാനും നിലവിളിക്കുവാനും തുടങ്ങി. മണിക്കൂറുകൾ തുടർന്ന പ്രാർത്ഥനയിൽ ഹൃദയത്തിലെ പാപങ്ങൾ മാറുകയും ദൈവവചനത്തിലെ വാഗ്ദത്തങ്ങൾ തന്റെ അന്തരാത്മാവിൽ നിറയുകയും ചെയ്യുന്നത് തനിക്ക് വ്യക്തമായി. പലപ്രാവശ്യം ഇതുപോലെ ദിവ്യശക്തി തന്നിൽ വ്യാപരിച്ചതിനു ശേഷം ആത്മാവിന്റെ രക്ഷയെക്കുറിച്ച് മറ്റുള്ളവരോടു പറയുന്ന ദൗത്യത്തിനു മുമ്പിൽ മറ്റെല്ലാവിധ ജോലികളും തനിക്കു ചെറുതായി തോന്നി. പ്രത്യേക ആത്മശക്തി അനുഭവപ്പെട്ടതിനുശേഷമുള്ള പ്രഭാതത്തിൽ ഫിന്നി തന്റെ ഓഫീസ് മുറിയിൽ നിന്നിറങ്ങി ഓരോ വ്യക്തിയെയും കണ്ടെത്തി സുവിശേഷം പറയുവാനാരംഭിച്ചു.

പ്രസംഗ സമാഹാരങ്ങളും ലേഖനങ്ങളുൾപ്പെടെ ധാരാളം രചനകളും ഫിന്നി പ്രസിദ്ധീകരിച്ചു. ഉണർവ്വിനെ എപ്രകാരം പ്രായോഗികമാക്കാൻ കഴിയും എന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന Lectures on Revivals എന്ന പുസ്തകം 1835-ൽ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതു തന്റെ രചനകളിൽ പ്രധാനപ്പെട്ട ഒന്നത്രേ. നവീന കാൽവിനിസ്റ്റ് ചിന്താഗതികൾക്ക് സമാനമായിരുന്നു ഫിന്നിയുടെ തിയോളജി. തന്റെ പ്രസംഗവും അദ്ധ്യാപനവുമെല്ലാം ദൈവത്തിന്റെ ധാർമ്മിക ഭരണത്തിനും മനം തിരിഞ്ഞ് പുതുഹൃദയം നേടുവാനുള്ള മനുഷ്യന്റെ കഴിവിനും മനുഷ്യസ്വഭാവത്തിന്റെയും സമൂഹത്തിന്റെയും പൂർണ്ണതയ്ക്കും ഊന്നൽ നൽകുന്നതായിരുന്നു. ഓരോ വ്യക്തിയും തന്റെ പ്രായോഗിക ജീവിതത്തിലേക്ക് വിശ്വാസത്തിന് ഒരു ആവിഷ്ക്കാരം നൽകണം എന്ന ചിന്തയെ അദ്ദേഹം ദൃഢമാക്കി. ഒരു വ്യക്തിയുടെ സമയവും ശക്തിയും ആത്മാക്കളെ ക്രിസ്തുവിലേക്ക് നയിക്കുന്നതിലൂടെയും സാമൂഹ്യ തിന്മകൾക്കെതിരെ പോരാടുന്നതിലൂടെയും ദൈവരാജ്യം സംസ്ഥാപിക്കുന്നതിനുള്ള ഇന്ധനമായി മാറുന്നു. സാമൂഹ്യ നവോത്ഥാനത്തിന് ദൈവരാജ്യ സ്ഥാപനത്തിൽ ഗണ്യമായ സ്ഥാനമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു.

ദൈവപ്രവൃത്തിയുടെ ശ്രേഷ്ഠത ലോകത്തിനു വെളിപ്പെടുത്തിയ ക്രിസ്തുവിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ചാൾസ് ഗ്രാൻഡിസൺ ഫിന്നിയെപ്പോലുള്ള യോദ്ധാക്കൾക്കായി ഭാരതം കാത്തിരിക്കുന്നു.

●

---

**8-ാം പേജിന്റെ തുടർച്ച...**

മാളികയും പട്ടു മെത്തയും സംഘടിപ്പിക്കാം, പക്ഷെ, ഉറക്കം ദൈവത്തിന്റെ വരദാനമാണ്. അങ്ങനെതന്നെ എല്ലാ അനുഗ്രഹങ്ങളും.

### സകലദ്രവ്യാഗ്രഹവും ഒഴിഞ്ഞുകൊൾക

ഒരാളിന്റെ ന്യായമായ അവകാശമാണു പിതൃസ്വത്തിൽ ലഭ്യമാകേണ്ട പങ്ക്. അതു പങ്കിടുന്നതിൽ മദ്ധ്യസ്ഥനാകാൻ ഒരാൾ ഒരിക്കൽ യേശുവിനെ ക്ഷണിച്ചു. അയാൾക്കു കിട്ടിയ ഉത്തരം ശ്രദ്ധേയമാണ്. തുടർന്ന് അവിടുന്ന് അരുൾ ചെയ്തു: സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ. ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകകളല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത് (ലൂക്കൊ. 12: 15). പിന്നീടാണു മൂഢനായ ആ "കർഷക ശ്രീ"യുടെ ഉപമ യേശു പറഞ്ഞത്. തനിക്കു വേണ്ടി മാത്രം നിക്ഷേപിക്കുന്നവന്റെ ദുസ്ഥിതിയുടെ പാഠവും (ലൂക്കോ. 12:16–21).

### ഒട്ടകവും ധനവാനും പിന്നെ ദൈവരാജ്യവും

പിന്നീടൊരിക്കൽ യേശു പറഞ്ഞു: ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം ഒരു സൂചിയുടെ കുഴയിലൂടെ കടക്കുന്നതാണ്(ലൂക്കോ.18:25). "സൂചി വാതിൽ" എന്ന ഇല്ലാത്തൊരു വാതിലിലൂടെ ആർക്കും പ്രവേശനമില്ല. ഒട്ടകം നേർത്തു കനം കുറഞ്ഞ ഒരു നൂലാകണം, ദൈവരാജ്യ പ്രവേശനം വേണമെങ്കിൽ. സൂചിക്കുഴയെ വാതിലാക്കി വികസിപ്പിക്കാൻ ദൈവത്തിനു പരിപാടിയില്ല എന്നു തന്നെയാണ് അവിടുന്നു പറഞ്ഞത്. ആ പണി ആരും ഏറ്റെടുക്കുകയും വേണ്ട.

ധാരാളം നന്മകളുള്ള ഒരു ധനവാനെ ഓർമ്മയില്ലേ. ആ പാവം പ്രതീക്ഷിക്കാത്തിടത്തു കണ്ണു തുറന്നപ്പോഴാണു സംഗതിയുടെ ഗൗരവും മനസ്സിലായത്. ഭൂമിയിലായിരുന്നപ്പോൾ എപ്പോഴും കീഴെ മണ്ണിൽ മാത്രം കണ്ണു നട്ടു ധനസമൃദ്ധിയിൽ അഹങ്കരിച്ച് 'ചില്ലറ' ഔദാര്യങ്ങൾ ലാസർമാർക്കു കൊടുത്തു കഴിഞ്ഞാൽ പോരാ. 'തല ഉയർത്തി' ദൈവോന്മുഖമായി ജീവിക്കണം. അദ്ദേഹം മേലോട്ടു നോക്കാൻ (ലൂക്കോ. 16: 23) വൈകിപ്പോയത് ഒരു പാഠമാവണം എല്ലാവർക്കും.

### സംതൃപ്തിയും ദൈവ ഭയവും

"അലംഭാവത്തോടുകൂടിയ(അലസതയല്ല, മതിയെന്നഭാവം) ദൈവഭക്തി ആണു വലിയ ആദായം" (1തിമൊ. 6:6). എന്നു പഠിപ്പിക്കുന്ന പൗലൊസ് ദൈവഭക്തിയെ ആദായസൂത്രമാക്കുന്നവരെ അപലപിക്കുന്നുമുണ്ട്. മതി എന്ന ഭാവം വലിയ ഭാഗ്യമാണ്. അത് ആത്മ സംയമനത്തിന്റെതാണ്. ആത്മസംയമനം ഉള്ളയാൾ – മനസിനെ ജയിച്ചയാൾ- പട്ടണം പിടിക്കുന്നുവനെക്കാൾ ശ്രേഷ്ഠനാണ് (സദൃ. 16:32). ആത്മസംയമനം ഇല്ലാത്തവൻ മതിൽ ഇല്ലാതെ ഇടിഞ്ഞു കിടക്കുന്ന പട്ടണം പോലെ (സദൃ: 25:28) അരക്ഷിതനും.

ക്രിസ്തീയ ജീവിതം സംതൃപ്ത ജീവിതമാണ്. അതു പ്രത്യാശാ നിർഭരമാണ്. സൗഭാഗ്യകരമാണ്. അതു ലൗകിക സമ്പത്തിലല്ല ദൈവകൃപയുടെ സമൃദ്ധിയിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

ഭാഗം 64

# ക്രൈസ്തവസഭയുടെ ചരിത്രം

*എൻ. ജസ്റ്റിൻരാജ്*

“എനിക്ക് ആയിരം പവൻ സ്വന്തമായുണ്ടെങ്കിൽ ഞാനത് കൊടുക്കുക ചൈനയ്ക്കാണ്. എനിക്ക് ഒരായിരം ജീവിതം ഉണ്ടെന്നിരിക്കട്ടെ. അതും ഞാൻ ചൈനയ്ക്കു നല്കും. അല്ല യേശുവിനു നല്കും.” എന്ന് പ്രസ്താവിച്ചു കൊണ്ട് ചൈനയുടെ സുവിശേഷീകരണത്തിനായി തന്റെ ജീവിതം അർപ്പിച്ച മിഷണറി വീരനായിരുന്നു ഹഡ്സൺ ടെയ്ലർ(Hudson James Taylor, 1832 - 1905). 1853 -ൽ അദ്ദേഹം സുവിശേഷവുമായി ചൈനയിൽ കടന്നുപോയെങ്കിലും അവിടെ എത്തിയപ്പോൾ തന്നെ രോഗിയായിത്തീർന്നതിനാൽ 1860 -ൽ ഇംഗ്ലണ്ടിലേക്കുമടങ്ങി. എന്നാൽ ചൈനയെക്കുറിച്ചുള്ള ദർശനം തന്റെ മനസ്സിലുണ്ടായിരുന്നതിനാൽ അതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും തന്റെ ഭാരം മറ്റുള്ള ആത്മീയ സുഹൃത്തുക്കളോട് പങ്കുവക്കുകയും ചെയ്തു. അതിന്റെ ഫലമായി ചൈന സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ 1865 -ൽ ചൈനാ ഇൻലാൻഡ് മിഷൻ (China Inland Mission) എന്ന മിഷണറി പ്രസ്ഥാനത്തിന് രൂപം നല്കി.

1866 - ൽ ഹഡ്സൺ ടെയ്ലർ വീണ്ടും തന്റെ ഭാര്യ മേരിയും സഹപ്രവർത്തകരുമായി ചൈനയിൽ എത്തി. പല വിധമായ പ്രതികൂലങ്ങളും പ്രതിസന്ധികളും അവർക്ക് തരണം ചെയ്യേണ്ടി വന്നു. എന്നാൽ വിശ്വാസത്തിന്റെ നായകനായ ക്രിസ്തുവിൽ ആശ്രയിച്ച് പ്രവർത്തിച്ചതിനാൽ അനേകരെ ക്രിസ്തുവിലേക്ക് നയിക്കുവാൻ ഇടയാവുകയും അനേക സഭകൾ ചൈനയുടെ വിവിധ ഭാഗങ്ങളിൽ രൂപം കൊള്ളുകയും പ്രവർത്തനം വിശാലമാവുകയും ചെയ്തു. 1870 ജൂലൈ 23 -ാം തീയതി തന്റെ വിശ്വാസ ജീവിതത്തിൽ മറ്റൊരു കൊടുങ്കാറ്റാഞ്ഞടിച്ചു. തന്റെ പ്രിയ പത്നി മേരിക്ക് കോളറ രോഗം കഠിനമായി. തന്റെ ഭർത്താവിനേയും മക്കളേയും ചുംബിച്ച് “ഞാൻ യേശുവിന്റെ അരികിൽ പോകുന്നു, എനിക്കു ദുഃഖമില്ല” എന്ന് പറഞ്ഞു കൊണ്ട് വളരെ പ്രത്യാശയോടെ മേരി കർത്താവിന്റെ സന്നിധിയിലേക്ക് കടന്നുപോയി. ടെയ്ലറുടെ മിഷണറി പ്രവർത്തനങ്ങളിൽ വളരെ ആത്മീയ പ്രചോദനമായിരുന്നു മേരിയുടെ ജീവിതം. സുവിശേഷ ദർശനവും ആത്മഭാരവുമുള്ള പ്രവർത്തകരെ ചൈനാ ഇൻലാൻഡ് മിഷന്റെ പ്രവർത്തനം ഭരമേല്പിച്ച് 1905 -ൽ ആ മിഷണറി വീരനും കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു.

## വെക്കേഷൻ ബൈബിൾ സ്ക്കൂൾ (V.B.S).

ഓരോ വർഷവും സ്ക്കൂൾ പഠനം കഴിഞ്ഞ് അവധി സമയത്ത് വളരെ ക്രമീകൃതമായ നിലയിൽ കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 1867 -ൽ റോബർട്ട് ബൗവിൽ എന്നയാൾ കാനഡയിലായിരുന്നു വി.ബി. എസ്സിന് രൂപം നല്കിയത്. അമേരിക്കയിലെമ്പാടും, ലോകത്തിൽ മിക്കയിടങ്ങളിലും പിൽക്കാലത്ത് വി.ബി. എസ്സ് വ്യാപിച്ചു. വളരെ ഗൗരവമേറിയ സ്ക്കൂൾ പഠനത്തിൽ നിന്നും പരീക്ഷാഭാരത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്ന അവധിക്കാലത്ത് വി.ബി. എസ്സ് കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആനന്ദ പ്രദമാണ്. അഞ്ച് മുതൽ പത്തുവരെയുള്ള ദിവസങ്ങളോ അതിൽ കൂടുതലോ വി. ബി.എസ്സിലൂടെ തങ്ങളുടെ താലന്തുകൾ വ്യത്യസ്ത മേഖലകളിൽ പ്രകടിപ്പിക്കാനും, സംഗീതം, സർഗ്ഗാത്മക പരിപാടികൾ, ദൈവചനം, മിഷണറിമാരുടെ ജീവ ചരിത്രം,ഗുണപാഠ കഥകൾ, അനുഭവകഥകൾ, പാട്ടുകൾ, ആക്ഷൻ സോംഗുകൾ എല്ലാം പഠിക്കുവാനും ലഭിക്കുന്ന അവസരം കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ആഘോഷം തന്നെയാണ്. സഭാസംഘടനാ വ്യത്യാസമെന്യേ വിവിധ കുടുംബങ്ങളിലുള്ള കുഞ്ഞുങ്ങൾക്ക് ഒരേ വേദിയിൽ സഹകരിക്കുവാനും കഴിവുകൾ പ്രകടിപ്പിക്കുവാനും വി. ബി.എസ്സിലൂടെ അവസരം ലഭിക്കുന്നു. കൊച്ചു പ്രായത്തിൽ തന്നെ കുഞ്ഞുങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം പകരുവാനും, ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുവാനും, സത്ഗുണങ്ങൾ പകർന്നു കൊടുക്കുവാനും, മാതൃകാ ജീവതത്തിലേക്കു നയിക്കുവാനും വി.ബി.എസ്സിന്റെ പങ്ക് മഹനീയമാണ്.

**ഓരോ വർഷവും സ്ക്കൂൾ പഠനം കഴിഞ്ഞ് അവധി സമയത്ത് വളരെ ക്രമീകൃതമായ നിലയിൽ കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 1867 -ൽ റോബർട്ട് ബൗവിൽ എന്നയാൾ കാനഡയിലായിരുന്നു വി.ബി. എസ്സിന് രൂപം നല്കിയത്. അമേരിക്കയിലെമ്പാടും, ലോകത്തിൽ മിക്കയിടങ്ങളിലും പിൽക്കാലത്ത് വി.ബി. എസ്സ് വ്യാപിച്ചു.**

വി.ബി.എസ്സ് ഇന്ത്യയിൽ ആരംഭിച്ചത് 1952 - ലാണ്. മേരി ഹാമിൽട്ടൺ എന്ന പാശ്ചാത്യ മിഷണറി വനിതയാണ് ഇന്ത്യയിൽ വി.ബി.എസ്സ് ആരംഭിച്ചത്. കർണ്ണാടകയിലെ ബംഗാരപ്പേട്ട സൗത്ത് ഇൻഡ്യാ ബിബ്ലിക്കൽ സെമിനാരിയിൽ ശുശ്രൂഷക്കെത്തിയതായിരുന്നു അവർ. തമിഴ് നാട്ടുകാരനായ പി. സാമുവൽ എന്ന യുവസഹോദരൻ ഈ മിഷണറി വനിതയുടെ സഹപ്രവർത്തകനായി. തമിഴ് നാട്ടിൽ കന്യാകുമാരി ജില്ലയിലെ കോവിൽപ്പെട്ടിയിലായിരുന്നു ആദ്യം വി.ബി.എസ്സ് നടന്നത്. 79 ബാലികാ ബാലന്മാരും 9 അദ്ധ്യാപകരും ഇതിൽ പങ്കെടുത്തു.

കേരളത്തിൽ 1956 -ൽ മല്ലപ്പള്ളിയിലായിരുന്നു ക്രമീകൃതമായ നിലയിൽ ആദ്യമായി വി.ബി.എസ്സ് നടന്നത്. മേരി ഹാമിൽട്ടൺ തന്നെയായിരുന്നു വി.ബി.എസ്സ് ഡയറക്ടറായി ദീർഘകാലം പ്രവർത്തിച്ചത്. ബാംഗ്ലൂരിൽ 1966 - ൽ വി.ബി.എസ്സിന്റെ കേന്ദ്ര ഓഫിസ് നിലവിൽ വന്നു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേക്കും, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലേക്കും വി. ബി. എസ്സിന്റെ പ്രവർത്തനം വ്യാപിക്കുകയുണ്ടായി. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല” എന്ന വചനം പ്രകാരം കുഞ്ഞു പ്രായത്തിൽ തന്നെ ബാലിക ബാലന്മാരിൽ ദൈവ ഭക്തിയും ധാർമ്മീക മൂല്യങ്ങളും പകർന്ന് ദൈവവചനം ആഭ്യസിപ്പിച്ച് ശരിയായ പാതയിൽ നയിക്കുന്നതിനും അതിലൂടെ അവരെ സഭക്കും സമൂഹത്തിനും കൊള്ളാകുന്നവരാക്കി മാറ്റുന്നതിനും വി.ബി.എസ്സിനുള്ള പങ്ക് അളവറ്റതാണ്.

## നരഭോജികളുടെ അപ്പോസ്തലനായ ജോൺ പേറ്റൺ

1824 - ൽ സ്കോട്ട്ലണ്ടിലെ ഒരു ഭവനത്തിൽ തികഞ്ഞ ഭക്തരായിരുന്ന മാതാപിതാക്കളുടെ മകനായി ജോൺ പേറ്റൺ ജനിച്ചു. പിതാവ് ഒരു വ്യവസായി ആയിരുന്നുവെങ്കിലും ഭവനത്തിൽ പ്രാർത്ഥനക്കുവേണ്ടി മാത്രമുള്ള പ്രത്യേക മുറിയിൽ ദിവസവും പല പ്രാവശ്യവും കയറി അദ്ദേഹം സ്കോട്ട്ലണ്ടിന്റെ ഉണർവ്വിനായി കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു. തന്റെ പിതാവിന്റെയും മാതാവിന്റെയും നല്ല ആത്മീയ മാതൃക പേറ്റനെ ആഴത്തിൽ സ്പർശിച്ചു. ഗ്ലാസ്ഗോയിലെ ഒരു സെമിനാരിയിൽ പഠിക്കുന്ന സമയം അദ്ദേഹം യേശുവിനെ രക്ഷകനായി സ്വീകരിച്ചു. മിഷൻ ദർശനമുണ്ടായിരുന്ന അദ്ദേഹം പല സുവിശേഷ പ്രവർത്തനങ്ങളിലും പങ്കാളിയായി എങ്കിലും, വനങ്ങളിലും ദ്വീപ് സമൂഹങ്ങളിലും കഴിയുന്ന നരഭോജികളായ മനുഷ്യരോട് സുവിശേഷം അറിയിക്കുവാൻ ദൈവം അദ്ദേഹത്തെ നിയോഗിച്ചു. അപകടകരമായ ഈ തീരുമാനത്തിൽ നിന്നും പിൻതിരിയുവാൻ പലരും തന്നെ നിർബന്ധിച്ചുവെങ്കിലും ദൈവസ്നേഹത്താൽ ബന്ധിക്കപ്പെട്ട പേറ്റൺ തീരുമാനത്തിൽ നിന്നും വ്യതിചലിച്ചില്ല.

ആത്മീയ ദർശനമുള്ള മാതാപിതാക്കൾ 1858 - ൽ ജോൺ പേറ്റനേയും ഭാര്യയേയും ന്യൂഹെബ്രൈഡ്സ് ദ്വീപു സമൂഹത്തിലേക്കയച്ചു. അപരിഷ്കൃതരായ നരഭോജികളായിരുന്നു പസഫിക്കിലെ ഈ ദ്വീപു സമൂഹത്തിൽ പാർത്തിരുന്നത്. അവിടെ സുവിശേഷവുമായി എത്തിയ പല മിഷണറിമാരെയും അവർ കൊന്നു തിന്നിട്ടുണ്ട്. പല വിധമായ ഭീഷണികൾ നേരിട്ടുവെങ്കിലും പാറ്റണും ഭാര്യയും അവിടെ ഒരു കുടിലിൽ താമസിച്ചു. അവിടെ വച്ച് പേറ്റൺ ദമ്പതികൾക്ക് ഒരു കുഞ്ഞു പിറന്നുവെങ്കിലും പേറ്റന്റെ ജീവിതത്തിൽ കാർമേഘ പടലം ഉയർത്തിക്കൊണ്ട് തന്റെ ഭാര്യയും കുഞ്ഞും ജ്വരം ബാധിച്ചു മരിച്ചു. താൻ ഏകനായെങ്കിലും നാട്ടിൽ പോകാൻ തയ്യാറായില്ല. രോഗവും പ്രതികൂലങ്ങളും അദ്ദേഹത്തെയും അലട്ടി എങ്കിലും അദ്ദേഹം മിഷണറി പ്രവർത്തനം ശക്തമാക്കി. ഇടയ്ക്ക് നാട്ടിൽ മടങ്ങി എത്തി വീണ്ടും വിവാഹം കഴിഞ്ഞുവെങ്കിലും അവർ ഹൈബ്രൈഡ് ദ്വീപ് സമൂഹത്തിലെ ടാനായിലേക്കു തന്നെ മടങ്ങിപ്പോയി.

കച്ചവടക്കാരും സഞ്ചാരികളുമായി അവിടെയെത്തുന്ന വിദേശികളിൽ നിന്നും പുകയിലയും മദ്യവും അവിടത്തെ ജനങ്ങൾക്ക് ലഭിച്ചിരുന്നു. പല വിധത്തിലും ദേശവാസികളെ വിദേശികൾ ചൂഷണം ചെയ്തു. വ്യഭിചാരം, മദ്യപാനം തുടങ്ങി തിന്മകൾ അവിടെ വർദ്ധിച്ചു. പേറ്റൺ ദമ്പതികൾ അതിനെതിരെ ബോധവൽക്കരണം നടത്തിയത് കച്ചവടക്കാരെ ക്ഷുഭിതരാക്കി. എതിർപ്പ് വർദ്ധിച്ചപ്പോൾ അവർ ഓസ്ട്രേലിയ സന്ദർശിച്ചു. ദ്വീപ് സമൂഹങ്ങളിലെ സുവിശേഷീകരണത്തിനായി ഓസ്ട്രേലിയായിലെ സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾ നല്കിയ പണം കൊണ്ട് ഒരു കപ്പൽ വാങ്ങി.

അങ്ങനെ അവർ അനീവാ ദ്വീപിൽ എത്തി. ഏഴു മൈൽ നീളവും രണ്ടു മൈൽ വീതിയും വരുന്ന ഒരു ചെറിയ ദ്വീപായിരുന്നു ഇത്. അനീവയിലെ ജനങ്ങളിൽ നിന്നും വളരെ സ്നേഹം നിറഞ്ഞതും അനുകൂലവുമായ പ്രതികരണമായിരുന്നു അവർക്ക് ലഭിച്ചത്. വെള്ളമില്ലാതെ ബുദ്ധിമുട്ടനുഭവിച്ചിരുന്ന അവിടത്തെ ദ്വീപുവാസികൾക്കുവേണ്ടി അദ്ദേഹം ഒരു കിണർ കുഴിച്ചു. അത്ഭുതമെന്നോണം ആ കിണറിൽ ആവശ്യം പോലെ വെള്ളം ലഭിച്ചു! ഇത് ദ്വീപു വാസികളെ അത്ഭുതപ്പെടുത്തി. ഭൂമിക്കടിയിൽ വെള്ളമുണ്ടെന്നും കിണറ് കുഴിച്ചാൽ അത് ലഭ്യമാകുമെന്നും അവർക്ക് അറിയില്ലായിരുന്നു. ദ്വീപുവാസികളുടെ മുമ്പിൽ പേറ്റൺ ആദരണീയനായി മാറി.

വസ്ത്രം ധരിക്കുവാൻ അറിഞ്ഞുകൂടാതിരുന്ന ദ്വീപിലെ ജനങ്ങൾക്ക് അവർ വസ്ത്രം നൽകി. അക്ഷരം പഠിപ്പിച്ചു. അനീവയിലെ കിരാതരായിരുന്ന മനുഷ്യർ എഴുത്തും വായനയും പഠിച്ച് പരിഷ്കൃത സമൂഹമായിത്തീർന്നു. അവർ സംസ്ക്കാര സമ്പന്നരായി. സത്യ ദൈവത്തെ അവർ പേറ്റൺ ദമ്പതികളിലൂടെ കണ്ടെത്തി 1899-ൽ അനീവ ഭാഷയിലേക്ക് പുതിയ നിയമം പരിഭാഷപ്പെടുത്തി അച്ചടിച്ച് നൽകുവാൻ പേറ്റന് സാധിച്ചു. പേറ്റൺ ദമ്പതികൾ അനീവക്കാരെ ദൈവവചനം പഠിപ്പിച്ചു. അവർ യേശുവിനെ രക്ഷകനായി അംഗീകരിച്ചു. അനീവ ദ്വീപിൽ ക്രൈസ്തവ സഭ രൂപം കൊള്ളുകയും ക്രിസ്തുവിലേക്ക് നയിക്കപ്പെടുകയും ചെയ്തു. നരഭോജികളുടെ അപ്പോസ്തലനായിമാറിയ ജോൺ പേറ്റൺ 1907 ജനുവരി 28-ാം തീയതി തന്റെ 83 -ാമത്തെ വയസ്സിൽ ശുശ്രൂഷ തികച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

(തുടരും)



# ചങ്ങാതിക്കൂട്ടം

**ഉണ്ണി അമ്മയമ്പലം**

## ശിശുക്കൾക്ക് വെളിപ്പെടുത്തിയ സുവിശേഷം

“യേശു ഉദ്ഘോഷിച്ചു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു” (മത്തായി 11 : 25).

ഒരു ശിശു തന്റെ പിതാവിൽ അർപ്പിക്കുന്ന വിശ്വാസവും ആശ്രയവും പരിധികളില്ലാത്തതാണ്. പിതാവിന്റെ കരങ്ങൾ സുശക്തങ്ങളാകയാൽ അവയിൽ താൻ സുരക്ഷിതനാണെന്ന് ഒരു ശിശു വിശ്വസിക്കുന്നു. അവന്റെ കാഴ്ചയിൽ ലോകത്തിലെ ഏറ്റവും സുപ്രധാനനായ വ്യക്തി തന്റെ പിതാവാണ്. പിതാവിന്റെ കരങ്ങളിൽ ആയിരിക്കുന്നിടത്തോളം അവൻ യാതൊന്നിനേയും ഭയപ്പെടുന്നില്ല. എന്തിനേയും നേരിടാനുള്ള ധൈര്യം അവനുണ്ട്. പിതാവിന്റെ വാക്കുകളിലും പ്രവൃത്തികളിലും ഒരു ശിശുവിന് അസാധാരണമായ വിശ്വാസമുണ്ട്. എന്തിനും തന്റെ പിതാവിനെ ആശ്രയിക്കാമെന്ന് ശിശുവിന് തീർച്ചയുണ്ട്.

ശിശുക്കൾ തങ്ങളുടെ പിതാക്കന്മാരിൽ എന്നപോലെ, ദൈവത്തിലും അവിടുത്തെ വചനത്തിലും വിശ്വാസവും പ്രത്യാശയുമർപ്പിച്ച് സമാധാനം കണ്ടെത്തുന്നവരെ യേശു തനിക്കു ചുറ്റും കാണുന്നു. സരള ഹൃദയരായ തന്റെ കേൾവിക്കാരെ പ്രതി ആനന്ദ നിർഭരനായി ദൈവത്തിനു നന്ദിപറയുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു.

- ദൈവവചനം എന്റെ കാലുകൾക്ക് വിളക്കും ഊടുവഴികൾക്ക് പ്രകാശവും ആകുന്നു എന്ന് ആലപിക്കുന്ന നമ്മൾ സരള ഹൃദയരായി, ലളിതമാനസരായി ദൈവവചനം സ്വീകരിക്കാൻ തയ്യാറാകണം.
- നമ്മുടെ അറിവിനെയും പ്രായോഗികതയേയും ദീർഘവീക്ഷണത്തേയും അതിലംഘിക്കുന്നതാണ് ദൈവവചനം എന്നു വിശ്വസിക്കുവാനും അവിടുത്തെ കരങ്ങളിൽ സ്വയാർപ്പണം ചെയ്യാനും നമുക്കു സാധിക്കണം.

## ദൈവത്തിന്റെ പദ്ധതിയനുസരിച്ചു ജീവിക്കുക

ദൈവത്തിൽ നിന്ന് സന്ദേശം സ്വീകരിച്ച സെഖരിയാ പുരോഹിതനും, മറിയവും, എലിസബെത്തും, ജോസഫുമെല്ലാം സന്ദേശം സ്വീകരിക്കുക മാത്രമല്ല ചെയ്തത്; അവരൊക്കെ ലഭിച്ച സന്ദേശമനുസരിച്ച് ജീവിക്കുകയും ചെയ്തു.

സെഖരിയാ, ദൈവത്തിന്റെ അനന്തമായ കരുണ അനുഭവിച്ചറിഞ്ഞു. മകനു യോഹന്നാൻ എന്നു പേരിട്ടതുതന്നെ അതുകൊണ്ടാണ്. അതിന്റെയർത്ഥം ദൈവം കരുണ കാണിച്ചു എന്നാണ്.

യേശുവിന്റെ അമ്മയായ മറിയം രക്ഷകനായ യേശുവിനെക്കുറിച്ചുള്ള സന്ദേശം ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ചു. ഈ വിവരം അവൾ എലിശബെത്തുമായി പങ്കുവെച്ചു. എലിശബെത്ത് മറിയത്തിന്റെ സന്ദേശം സ്വീകരിച്ച് പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു.

വലിയ അഭിമാനത്തിന്റെ പേരിൽ സ്വന്തമായ പദ്ധതിയുണ്ടാക്കിയ ജോസഫിനും സന്ദേശം ലഭിച്ചു. ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കിയ ജോസഫ് അത് അക്ഷരം പ്രതി നിറവേറ്റി.

ദൈവത്തിന്റെ പദ്ധതിയോട് പൂർണമായും സഹകരിക്കുകയാണ് നമ്മുടെ ഓരോരുത്തരുടേയും കടമ. അതുവഴിയായി നമ്മളും ദൈവത്തിന്റെ സന്ദേശവാഹകരായിത്തീരും. അതിന് സ്വന്തം ഇഷ്ടം ചെയ്യാതെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരായിത്തീരണം.

## ദീർഘായുസ്സ് ഉണ്ടാകാൻ

ഒരിക്കൽ, കൗൺസലിംഗ് നടത്തുമ്പോൾ ഒരപ്പച്ചൻ പറഞ്ഞ കഥ എന്റെ കണ്ണു നനച്ചു.

പട്ടിണി കിടന്ന് രാത്രിയും പകലും അദ്ധ്വാനിച്ച് മകനെ വളർത്തി. അവന്റെ വളർച്ചയുടെ ഓരോ പടവിലും ആനന്ദിച്ച്, ആഹ്ലാദിച്ച് ദൈവത്തെ സ്തുതിച്ചു. പ്രതീക്ഷിച്ചതിലും ഒത്തിരി അവൻ വളർന്നു. ചെറ്റപുരയുടെ സ്ഥാനത്ത് വലിയ ബംഗ്ലാവ് അവൻ പണിതുയർത്തി. മനോഹരമായി മോടി പിടിപ്പിച്ചു, സുന്ദരമായി ചായം പൂശി. എല്ലാം കണ്ട് മനസ്സ് സന്തോഷിച്ചു. അവൻ രണ്ട് വലിയ പട്ടികളെ വാങ്ങി, അതിനും എനിക്കു വിരോധമില്ല. നല്ല രണ്ടു പട്ടികളുള്ളത് വീടിന് കാവലാണല്ലോ. അതിനുവേണ്ടി ദിവസം 200 രൂപ ചെലവാകും. അതിലും എനിക്ക് എതിരില്ല. അവൻ, എന്റെ പൊന്നുമോനുണ്ടാക്കുന്നതാണല്ലോ.... അതിനെ ശുശ്രൂഷിക്കാൻ അവൻ രാവിലെയും വൈകിട്ടും ഓരൊ മണിക്കൂർ ചെലവഴിക്കും. അതും വേണ്ടതു തന്നെയാ. പക്ഷേ ഈ പാവപ്പെട്ട അപ്പന് അവനോടൊന്നു മിണ്ടണം എന്നു തോന്നിയാൽ അതിനവന് നേരമില്ല. അവന്റെ ചിരിയിലും കളിയിലും പങ്കെടുക്കാൻ അനുവാദമില്ല. ഒരു നല്ല തോർത്തു വാങ്ങിത്തരാൻ അവനു പൈസയില്ല. മുറിക്കുള്ളിൽ നിന്നും പുറത്തിറങ്ങാൻ അനുവാദമില്ല. പട്ടിയെ ശുശ്രൂഷിക്കാൻ രണ്ടുമണിക്കൂറും അതിനു മുടക്കാൻ ദിവസം 200 രൂപയുമുള്ള മോന് അവന്റെ അപ്പനുകൊടുക്കാൻ ഒന്നുമില്ലേ........മോനേ.....

“പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻ മരിക്കണം എന്ന് ദൈവം കല്പിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ പറയുന്നു; ആരെങ്കിലും തന്റെ പിതാവിനോടോ മാതാവിനോടോ എന്നിൽ നിന്ന് നിങ്ങൾക്ക് ലഭിക്കേണ്ടത് വഴിപാടായി നല്കിക്കഴിഞ്ഞു എന്നു പറഞ്ഞാൽ പിന്നെ അവൻ അവരെ സംരക്ഷിക്കേണ്ടതില്ല എന്ന്”(മത്തായി. 15: 5).

ഒന്നിന്റെ പേരിലും മാതാവും പിതാവും നിന്ദിക്കപ്പെടുന്നത് ദൈവത്തിനിഷ്ടമല്ല. മകനിൽ നിന്നും മകളിൽ നിന്നും മാതാവിനും പിതാവിനും ലഭിക്കേണ്ടത് ലഭിക്കുക തന്നെ വേണം. പള്ളി പണിയിക്കുന്നതോ, ധർമ്മസ്ഥാപനം നടത്തുന്നതോ, ഭിക്ഷകൊടുക്കുന്നതോ ഒന്നും മാതാപിതാക്കൾക്കുള്ളതിന് പകരം ആവില്ല എന്ന് വചനം വ്യക്തമാക്കുന്നു.

ഇന്ന് ഒത്തിരി കുടുംബങ്ങളിൽ മാതാപിതാക്കൾ മക്കളുടെ നിന്ദനമേറ്റ് മരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ജീവിച്ചുപോകുന്നു. നാം കല്പന ഓർക്കണം. ദീർഘായുസ്സ് ഉണ്ടാകാൻ മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക.

*കവിത*

## എല്ലാം ദൈവം ശുഭമാക്കും

പറയുക പറയുക വേഗം പറയുക
പടപട പഠനം പായസമാകണം
അടിപൊളിവിട്ടു വിചാരം വരണം
പകലു കഴിഞ്ഞാൽ പ്രാർത്ഥന വേണം
നാടും വീടും നല്ലതു പറയണം
ഇതിനൊരുപായം പറയാമോ ?
പറയാം പറയാം കിട്ടിപ്പോയ്
പയർമണിയല്ലോ വചനങ്ങൾ
കുന്നിക്കുരു മഞ്ചാടിമണി
യെന്തൊരു ചന്തം തിരുവചനം
വചനം രാവിലെയുച്ചക്കും
ഉണരുമ്പോഴുമുറങ്ങുമ്പോഴും
ആഹാരത്തിനു മുമ്പും പിമ്പും
അങ്ങനെയെല്ലാനേരത്തും
ചൊല്ലി പ്രാർത്ഥിച്ചീടുമ്പോൾ
എല്ലാം ദൈവം ശുഭമാക്കും
നന്മകൾ നല്കിയനുഗ്രഹമേകും
നമ്മുടെ ദൈവം പൊന്നേശു

REG NO. 337/14/15/ AL-86 TC III
MONTHLY MALAYALAM
REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month

LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

*1-ാം പേജിന്റെ തുടർച്ച...*

ണറിമാരെ, അവരുടെ പ്രവർത്തന മേഖലകളെ അത്ഭുതകരമായി കാത്തുസൂക്ഷിച്ച സർവ്വോന്നതത്തിന്റെ നാഥന് വിനയപൂർവ്വം നന്ദി അർപ്പിക്കുന്നു.

ഈ സംസ്ഥാനത്തിൽ ഇനിയുമേറെ മുന്നേറുവാനുള്ള ശുശ്രൂഷകൾക്ക് ആസ്ഥാനമായിരിക്കേണ്ട ഈ സ്ഥലത്ത് നിർവ്വഹിക്കപ്പെടുവാനുള്ളത് വലിയ പണികൾ ആണ്. ഇവ നിർവ്വഹിക്കുവാനുള്ള കെൽപ്പേകുവാനായി, ഇതുവരെ നടത്തിയ നാഥന്റെ ആ വിശ്വസ്ത കരങ്ങളിൽ തന്നെ ചാരീടുന്നു.

മദ്ധ്യപ്രദേശിലെ ശിവനി ജില്ലയിലെ ഛപ്പാരറയിൽ 6 ഏക്കർ സ്ഥലം 15 ലക്ഷം രൂപയ്ക്ക് ജി.എം. ഐയ്ക്ക് നൽകിയത് മദ്ധ്യപ്രദേശ് സ്വദേശിയും ഇപ്പോൾ ഡറാഡൂണിൽ സ്ഥിരതാമസക്കാരനുമായ പീറ്റർ എന്ന സഹോദരനാണ്. ഈ സ്ഥലം രജിസ്റ്റർ ചെയ്യുവാനായി എത്തിച്ചേർന്ന ജി.എം.ഐ പ്രസിഡന്റ് സഹോ. ഡി.ജെ. അജിത്കുമാറിനെ ഛപ്പാറ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയുണ്ടായി. ഗ്രാമീണരുടെ ഇടയിൽ ക്രമീകരിക്കപ്പെട്ട പോതു സമ്മേളനത്തിൽ സഹോ. ഡി.ജെ. അജിത്കുമാർ സന്ദേശം നൽകി.

സംസ്ഥാനത്തിലെ ഏറ്റവും പിന്നോക്കക്കാരായ ഗോണ്ട് എന്ന ഗോത്ര വർഗ്ഗക്കാർ കൂടുതലും വസിക്കുന്ന പ്രദേശമാണ് ഛപ്പാറ താലൂക്ക്. ഇവിടുത്തെ മിഷണറി പ്രവർത്തനങ്ങൾ നടക്കുന്നത് സഹോ. വിനയദാസിന്റെ നേതൃത്വത്തിലുള്ള ഒരു കൂട്ടം മിഷണറിമാരിലൂടെയാണ്. കഴിഞ്ഞ തവണ ഇവിടെ പഞ്ചായത്ത് പ്രസിഡന്റായി ഐക്യ കൺഠേന തിരെഞ്ഞടുക്കപ്പെട്ട വ്യക്തിയാണ് ജി.എം.ഐയുടെ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായ സഹോ. വിനയദാസ്. ഭാരതത്തിൽ വളരെ ഫലവത്തായ സുവിശേഷ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്ന പ്രദേശങ്ങളിൽ ഒന്നായ ഇവിടെ നിർവ്വഹിക്കപ്പെടുവാനുള്ള അനുഗ്രഹീത പദ്ധികളെ ഓർത്ത് നിരന്തരം പ്രാർത്ഥിക്കാം. കർത്താവിന്റെ രാജ്യ കെട്ടുപണിക്കായി എന്തും ചെയ്യാൻ നമുക്ക് തയാറാകാം. അന്ത്യ നാളുകൾ സമീപമായി, ഇതു പ്രവർത്തിക്കുവാനുള്ള കാലം. ശാശ്വത ഭവനത്തിലെ നിക്ഷേപത്തിനു വേണ്ടി നമുക്ക് ഒരുമിച്ച് മുന്നേറാം.



*ഛപ്പാറയിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിലേക്ക് വന്ന അനേകരിൽ നിന്നും തങ്ങളുടെ ജീവിതത്തിലെ സാക്ഷ്യം പ്രസ്താവിച്ച പഞ്ചായത്ത് പ്രസിഡന്റിന്റെ സഹധർമ്മിണി, ഗ്രാമീണ യുവാവ്, മറ്റൊരു ഗ്രാമീണ സ്ത്രീ എന്നിവർ*

# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

**റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ**



**സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ**



**ഗ്രെയ്സ് ഫെസ്റ്റുകൾ**




**ക്രിസ്തുകൃപ ആശ്രമങ്ങൾ**



**ഹാപ്പി ഫാമിലി മിഷൻ**



**പബ്ലിക്കേഷൻസ്**




**മാസിക പ്രവർത്തനങ്ങൾ**




**സൗജന്യ വിദ്യാഭ്യാസ പരിപാടികൾ**



**മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)